# വ്യാപാരകേരളം

സമ്പൂർണ മാസിക

പുസ്തകം 2 ലക്കം 3 പേജുകൾ 48 ജൂൺ 2021



● കാൽപ്പാടു പതിച്ച് ചരിത്രത്തിലേക്ക് ● പതിനെട്ടു കവിതകൾ

● മഴരാഗങ്ങൾ ● ഒരു സ്നേഹസ്മൃതി




ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ്ണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്



തുടർഭരണമെന്ന ചരിത്രം വിരചിതമായിരിക്കുന്നു. വിവാദങ്ങളല്ല, കരുണയും കരുതലുമാണ് ഭരിക്കപ്പെടുന്നവർ ആഗ്രഹിക്കുന്നതെന്നതിന് അതൊരു തെളിവാകുകയും ചെയ്തു. പ്രതീക്ഷ നൽകിയ സർക്കാർ അതു പാലിക്കുമെന്നും, ജനഹിതം മനസിലാക്കുന്ന ഒരു പ്രതിപക്ഷം രൂപപ്പെടുമെന്നും ജനാധിപത്യ വിശ്വാസികൾ ആഗ്രഹിക്കുന്നുണ്ട്. കോവിഡ് വിപത്തിന്റെ പ്രതിസന്ധിയിൽ, സുരക്ഷക്കായിരിക്കട്ടെ കൂടുതൽ ശ്രദ്ധ; സർക്കാരിനും ജനത്തിനും.

കാലം അടയാളപ്പെടുത്തിയ നാല് മഹാപ്രതിഭകളുടെ വിയോഗം സംഭവിച്ചിട്ട് അധികനാളായില്ല. പുതിയ ലക്കം മാസിക ഈ പ്രതിഭാധനരെ ഓർക്കുന്നു; ആദരിക്കുന്നു. സമകാലികം പംക്തിയിൽ, പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസാണ് നാലു പേർക്കും ശ്രദ്ധാഞ്ജലി ഒരുക്കുന്നത്.

പതിനെട്ടു കവിതകളുമായാണ് ഈ ലക്കം പ്രസിദ്ധീകരിക്കപ്പെടുന്നത്. കഥകളുടെ എണ്ണത്തിലും വർധനയുണ്ട്. ലഭിച്ചവയിൽ പ്രസിദ്ധീകരണ യോഗ്യമായ രചനകൾ അനേകമുണ്ടെന്നും, എല്ലാ നല്ല എഴുത്തിനും ഇടം നൽകാൻ സാധിച്ചിട്ടില്ലെന്നും പ്രിയ എഴുത്തുകാരെ ഓർമ്മപ്പെടുത്തുന്നു.

ഓൺലൈൻ വായന സാർവത്രികമായതോടൊപ്പം തുറന്നുകിട്ടിയ എഴുതുന്നതിനുള്ള പ്രതലം ഏറെപ്പേർ പ്രയോജനപ്പെടുത്തുന്നുണ്ട്. സമൂഹമാധ്യമങ്ങളിലെ എഴുത്തുകളരിയിൽ അഭ്യസിച്ച പലരും, ഒരു പടികൂടി ചവുട്ടികയറി, ഗൗരവരചനകളുമായി പ്രിന്റ് മീഡിയയിലും ഡിജിറ്റൽ മീഡിയയിലും തിളങ്ങുന്നുണ്ട്. ഇങ്ങനെ പ്രസിദ്ധീകൃതമാകുന്ന തങ്ങളുടെ ഒരു രചന ലോകത്തിന്റെ ഏതു ഭാഗത്തും നിമിഷങ്ങൾക്കകം എത്തിക്കുവാനും ഇവർക്ക് സാധിക്കും. ഈ സൗകര്യം ആസ്വദിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവർ, രചനകളുടെ എണ്ണത്തിനേക്കാൾ, കാമ്പുള്ള എഴുത്തിന് പ്രാമുഖ്യം നൽകണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

# ഒറ്റയ്ക്ക്

ഒറ്റപ്പെടുകയെന്നാൽ,
ഒറ്റയ്ക്കായതല്ല ;
ആരൊക്കെയോ ചേർന്ന്
ഒറ്റപ്പെടുത്തിയതാണ്.
ഞാനില്ലെങ്കിലീ ഭൂഗോള-
മില്ലെന്നഹങ്കരിക്കുന്നവർക്കൊപ്പം
നടക്കുവാനാകാതെ
തളർന്നു പോയതാണ്.
തിരക്കുകൾക്കുള്ളിലെ
തിരക്കുകളിൽ മുങ്ങി-
ത്താഴുന്നവരെയൊരു
വട്ടച്ചുഴിയിലെന്ന പോൽ
കരയിലിരുന്നു വീക്ഷിക്കുമ്പോൾ,
ആഴങ്ങളിലേക്കു നീന്താനറിയാതെ
ഒറ്റപ്പെട്ടു പോയതാണ്..!
തൊട്ടറിയുന്ന തഴമ്പായി മാത്രം
മാറിയ മുറിവിനേക്കാളാഴത്തിൽ
വാക്കുകളാൽ മനസ്സിൽ
മുറിവേറ്റതിനാലാവാം..
കണ്ണുകൾ കനൽച്ചൂടിനാൽ
വേവുമ്പോഴും ഓർമ്മകൾ
ഒറ്റപ്പെടുത്താതെ ചേർത്തുപിടിക്കുന്നത്.!



ദിവ്യ സി ആർ

## അകത്താളുകളിൽ


**ലേഖനം/പംക്തി:**
ഫ്രാങ്കോ ലൂയിസ്: പേജ് 6
വി.പി.ജോൺസ്: പേജ് 10
തേജശ്രീ: പേജ് 13

**പുസ്തകപരിചയം:**
ജയപ്രകാശ് എറവ്: പേജ് 46

**കഥ**
എ.കെ.അനിൽകുമാർ: പേജ് 5
ജയന്തി അറക്കൽ: പേജ് 16
അജിത രാജൻ: പേജ് 21
ശ്രീജ ശ്രീനിവാസൻ: പേജ് 26
ഡോ. ശാലിനി സി.കെ.: പേജ് 31
പോളി കെ.പി.: പേജ് 35
തൻസീൽ മുഹമ്മദ്: പേജ് 40
ജിൻസി കെ.പി: പേജ് 44

**കവിത**
ദിവ്യ സി.ആർ: പേജ് 3
ഷീജ പള്ളത്ത്: പേജ് 4
എം.കപിൽദേവ്: പേജ് 12
ഹാജറ കെ.എം: പേജ് 15
രാജു കാഞ്ഞിരങ്ങാട്: പേജ് 19
കയ്യുമ്മു കോട്ടപ്പടി: പേജ് 20
നിധീഷ് മാലുമേൽ: പേജ് 24
ദീപ ദിനേശ്: പേജ് 25
രാജേഷ് മോൻജി: പേജ് 28
ദിവ്യ എച്ച്: പേജ് 29
വിനോദ് വി.ദേവ്: പേജ് 30
സോണി വർഗീസ് വാരനാട്: പേജ് 32
സെയ്തലവി വിളയൂർ: പേജ് 33
കൃഷ്ണകുമാർ മാപ്രാണം: പേജ് 34
മുർശിദ് ബത്തേരി: പേജ് 37
സുനിൽരാജ് സത്യ: പേജ് 38
ബിനോദ്: പേജ് 39
സുനി: പേജ് 42
ജിജോ രാജകുമാരി: പേജ് 43



# അവൾ ഇങ്ങനാണ്

സന്ധ്യയ്ക്ക് മുന്നേ വീടണയാൻ കഴിയാതൊരുവൾ
മനസ്സിലാകെ  തിരക്കുമായി യാത്ര ചെയ്യുന്നുണ്ട്.
മിഴിയോടുന്ന നേരം കാലോടാഞ്ഞ്
മനസ്സിനോട് പരാതിപറയുന്നവൾ.

ഉമ്മറത്തൊരു സന്ധ്യാ ദീപം കൊളുത്തുവാനാവാതെ
എണ്ണവറ്റിയൊരു നിലവിളക്കുപോലൊരുവൾ.

ഒട്ടിനിൽക്കുന്ന കുഞ്ഞുകണ്ണിന്റെ
തിളക്കം മായുമ്പോൾ ഓടുന്നുണ്ടവൾ
കാലു ചലിക്കാതിരുന്നിട്ടും.

ചിന്തയിൽ അത്താഴത്തിന്റെ
വിഭവങ്ങൾ രുചികെട്ട്,
ചുണ്ടുകോട്ടി ചിരിക്കുന്നുണ്ട്,

മൂലയിൽ മുഷിഞ്ഞു മാറിയ
വസ്ത്രങ്ങൾ ദ്വേഷത്താൽ
അവളെ വിവസ്ത്രയാക്കുന്നുണ്ട്.

ഒരരികിൽ മാറിയിരുന്ന്
മച്ചിൽ തൂങ്ങിയ ചിലന്തിയെയും,
കാലിൽ പറ്റിയ മണ്ണിനേയും
പഴിപറഞ്ഞ് മാറാലക്കോലും, ചൂലും.

അടുപ്പമുള്ളവരകന്ന് ഒറ്റയായവൾ
തൊട്ടു നോക്കുന്നുണ്ട് ജീവനുറപ്പിക്കാൻ.

കെട്ടുപാടിന്റെ ഉള്ളറകൾ
കെട്ടുപോകാതിരിക്കാൻ
കട്ടെടുക്കുന്നുണ്ടവൾ
സന്തോഷമെന്നാശ്വസിപ്പിച്ച്.

ഇനി വസന്തവും കാത്ത് മുറ്റത്ത്
വിത്തിടുന്നുണ്ട്, മുള പൊട്ടാൻ
മഴ പെയ്തിറങ്ങിയെങ്കിൽ.....



ഷീജ പള്ളത്ത്

# മറവിക്കപ്പുറം



കാലം പോകെപ്പോകെ അവൻ അവളെ പാടെ മറന്നുകഴിഞ്ഞിരുന്നു.

കാലം പിന്നെയും പോകെ അവനെയും എല്ലാവരും മറന്നുകഴിഞ്ഞിരുന്നു.

ഇപ്പോൾ അവൻ അവനെത്തന്നെ മറക്കാൻ തുടങ്ങിയപ്പോൾ ഏതൊക്കെയോ ഓർമ്മകൾ എവിടെയൊക്കെയോ ഇരുന്ന് എന്തൊക്കെയോ ഓർത്തു ചിരിക്കുന്നുണ്ടായിരുന്നു ; ഒരു കാലത്തിനും മായ്ക്കാൻ കഴിയാത്ത ചില ഓർമ്മകൾ.

# കാത്തിരിപ്പ്



'എനിക്കുവേണ്ടി കാത്തിരിക്കാമോ?' അവൾ അവനോട് ചോദിച്ചു.

'മരണംവരെ ഞാൻ കാത്തിരിക്കും' അവൻ മറുപടി പറഞ്ഞു.

മരണമെത്തുന്ന നേരത്തും അവൻ അവൾക്കായുള്ള കാത്തിരിപ്പിലായിരുന്നു.

അപ്പോൾ അവൻ കണ്ടു; മുന്നിൽ ഒരു ചിത്രശലഭമായ് അവൾ.

കാത്തിരിപ്പിനൊടുവിൽ രണ്ടു ശലഭങ്ങൾ ചിറകുകൾ കോർത്ത് പറന്നകന്നു; അങ്ങ് അനന്തതയിലേക്ക്...



**എ.കെ. അനിൽകുമാർ**

# വസന്തം വിരിയിച്ചവർ



ഫ്രാങ്കോ ലൂയിസ്

**നാലു മഹാ പ്രതിഭകളുടെ വിയോഗം. മേയ് മാസത്തിലെ നഷ്ടം അതാണ്. എന്നാൽ മേയ് മാസം നേട്ടത്തിന്റേതുകൂടിയാണ്. രണ്ടാം എൽഡിഎഫ് സർക്കാർ മുഖ്യമന്ത്രി പിണറായി വിജയന്റെതന്നെ നേതൃത്വത്തിൽ തിരിച്ചെത്തുന്നതാണ് മേയ് മാസത്തിൽ കേരളത്തിന്റെ നേട്ടം. ഇതു ജനവിധിയാണ്.**

നാലു മഹാ പ്രതിഭകളുടെ വിയോഗം. മേയ് മാസത്തിലെ നഷ്ടം അതാണ്. എന്നാൽ മേയ് മാസം നേട്ടത്തിന്റേതുകൂടിയാണ്. രണ്ടാം എൽഡിഎഫ് സർക്കാർ മുഖ്യമന്ത്രി പിണറായി വിജയന്റെതന്നെ നേതൃത്വത്തിൽ തിരിച്ചെത്തുന്നതാണ് മേയ് മാസത്തിൽ കേരളത്തിന്റെ നേട്ടം. ഇതു ജനവിധിയാണ്.

വസന്തം ഒരുക്കുന്ന മാസമാണ് മേയ്. മേയ് പിറന്നതുതന്നെ കേരളത്തെ ചുവപ്പിച്ചുകൊണ്ടുള്ള വസന്തവുമായാണ്. കോവിഡ് ഭീതിക്കിടയിൽ ആഹ്ലാദാരവങ്ങളെല്ലാം ഒഴിവാക്കിയാണ് തുടർ ഭരണത്തിലേക്ക് എൽഡിഎഫ് സർക്കാർ പടികയറിയത്. രണ്ടാം തിയതിയിലെ വോട്ടെണ്ണലിനു പിറകേ കോവിഡ് നിയന്ത്രണത്തിനുള്ള ലോക് ഡൗൺ ആരംഭിച്ചു. രോഗവ്യാപനം ഭീതിജനകമായ വിധത്തിലായിരുന്നു. ജനങ്ങൾ അടച്ചുപൂട്ടപ്പെട്ടു. മേയ് 20 നു സത്യപ്രതിജ്ഞയോടെ നിലവിൽ വന്ന രണ്ടാം പിണറായി സർക്കാർ കേരളത്തിനു പുതു ചരിത്രമാകുകയാണ്. പുതിയ സർക്കാർ കേരളത്തിനും ലോകമെങ്ങുമുള്ള മലയാളികൾക്കും നന്മയുടെ വസന്തം ഒരുക്കുമെന്നു പ്രതീക്ഷിക്കാം.

പതിറ്റാണ്ടുകൾ നീണ്ട സേവനങ്ങളിലൂടേയും സപര്യയിലൂടേയും ജനമനസിൽ വസന്തം വിരിയിച്ച നാലു പേരുടെ വിയോഗമാണ് ഇത്തവണ സമകാലികത്തിൽ ചർച്ച ചെയ്യുന്നത്. സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പേ രാഷ്ട്രീയ പൊതു പ്രവർത്തനരംഗത്തിറങ്ങി നൂറ്റിരണ്ടാം വയസിൽ വിടവാങ്ങിയ വിപ്ലവനായിക കെ.ആർ. ഗൗരിയമ്മ. ചിരിപ്പിച്ചുകൊണ്ട് ചിന്തിപ്പിച്ച് നൂറ്റിനാലാം വയസിൽ അന്ത്യയാത്രയായ ആത്മീയാചാര്യൻ ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത. കേരള കോൺഗ്രസ് സ്ഥാപക നേതാക്കളിലൊരാളും മുൻമന്ത്രിയുമായ ആർ. ബാലകൃഷ്ണപിള്ള (87). എഴുത്തിന്റെ ലോകത്ത് വേറിട്ട രചനകൾ കാഴ്ചവച്ച നടനും തിരക്കഥാകൃത്തുമായ മാടമ്പ് കുഞ്ഞുകുട്ടൻ (80). ഇങ്ങനെ നാലു പേരുടെ വിയോഗമാണു മലയാളികൾക്കു മറക്കാനാകാത്ത നഷ്ടമായത്. അവർ കേരള സമൂഹത്തിനു നൽകിയ സംഭാവനകൾ അമൂല്യമാണ്.



പാസാക്കി. കുടിയൊഴിപ്പിക്കൽ നിയമം, ഭൂനികുതി നിയമം, ഭൂസംരക്ഷണ നിയമം, ഭൂമി പതിച്ചുകൊടുക്കൽ നിയമം, അളവുതൂക്ക നിയമം, ജപ്തി നിയമം, അഴിമതി നിരോധന നിയമം, വനിതാ കമ്മീഷൻ നിയമം എന്നിവ അക്കൂട്ടത്തിൽ ചിലതാണ്.

## കെ.ആർ. ഗൗരിയമ്മ

**(1919 – 2021)**

സ്ത്രീകൾ രാഷ്ട്രീയ, പൊതു പ്രവർത്തന രംഗത്തേക്കു ചുവടുവയ്ക്കാൻ മടിച്ചിരുന്ന, അല്ലെങ്കിൽ വിലക്കപ്പെട്ടിരുന്ന കാലം. അങ്ങനെയൊരു കാലത്താണ് ഗൗരി വിപ്ലവ പ്രസ്ഥാനമായ കമ്യൂണിസ്റ്റു പാർട്ടിയിലൂടെ പൊതുപ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ചത്. വിപ്ലവ പോരാട്ടത്തിലും ഭരണതലത്തിലും വനിതകൾക്കു പ്രാഗൽഭ്യം തെളിയിക്കാനാകുമെന്നു ജീവതത്തിലൂടെ കാണിച്ചുതന്ന ധീരവനിത. 1987 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഗൗരിയമ്മയിൽനിന്നു മുഖ്യമന്ത്രിക്കസേര തെന്നിത്തെറിച്ചുപോയതാണ്. അന്ന് എൽഡിഎഫ് ഗൗരിയമ്മയെ ഉയർത്തിക്കാണിച്ചാണു തെരഞ്ഞെടുപ്പിനെ നേരിട്ടത്.

ചേർത്തല പട്ടണക്കാട് കളത്തിപ്പറമ്പിൽ കെ.എ. രാമന്റെയും ആറുമുറിപ്പറമ്പിൽ പാർവതിയമ്മയുടേയും മകളായി 1919 ജൂലൈ 14 നാണു ജനനം. തിരുവനന്തപുരം ഗവൺമെന്റ് ലോ കോളജിൽനിന്ന് നിയമബിരുദം നേടിയശേഷം 28 ാം വയസിൽ 1947 ലാണ് കമ്യൂണിസ്റ്റു പാർട്ടി അംഗമായത്. 1951 മുതൽ ജനപ്രതിനിധിയായി. 1951 ലും 1954 ലും തിരു- കൊച്ചി നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെയാണു ജയിച്ചത്. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം 1957 ൽ നടന്ന ആദ്യ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഇഎംഎസ് മന്ത്രിസഭയിൽ ഗൗരി മന്ത്രിയായി. 1977 ൽ ഒഴികേ, 2001 വരെ എല്ലാ തെരഞ്ഞെടുപ്പിലും ജയിച്ചു. 1967, 1980, 1987, 2001 വർഷങ്ങളിൽ ചുമതലയേറ്റ മന്ത്രിസഭകളിലും മന്ത്രിയായി.

ഗൗരിയമ്മ മന്ത്രിയായിരുന്നപ്പോൾ സുപ്രധാനമായ ഒട്ടേറെ നിയമങ്ങൾ കേരള നിയമസഭ

ഇഎംഎസ് മന്ത്രിസഭയിൽ അംഗമായിരിക്കേ പാർട്ടി നേതാവായ ടി.വി. തോമസുമായി വിവാഹിതരായി. 1964 ൽ പാർട്ടി പിളർന്നപ്പോൾ ഗൗരിയമ്മ സിപിഎമ്മിനൊപ്പവും തോമസ് സിപിഐക്കൊപ്പവും ഉറച്ചുനിന്നു. 1994 ൽ സിപിഎമ്മിൽനിന്നു ഗൗരിയമ്മയെ പുറത്താക്കി. അതോടെ ജനാധിപത്യ സംരക്ഷണ സമിതി എന്ന പേരിൽ പുതിയ പാർട്ടി രൂപീകരിച്ച് യുഡിഎഫിലെ ഘടകകക്ഷിയായി. 2001 ൽ യുഡിഎഫ് മന്ത്രിസഭയിലെ അംഗമായിരുന്നു. 2006 ലും 2011 ലും നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. അതോടെ മൽസരരംഗത്തുനിന്ന് പിന്മാറി. 2016 ൽ ഗൗരിയമ്മയുടെ ജെഎസ്എസ് എൽഡിഎഫിലേക്കു മാറി.

കമ്യൂണിസ്റ്റു പാർട്ടിയിലെത്തന്നെ ഗജകേസരികളായ പുരുഷ നേതാക്കൾ ആദരവോടെയാണ് ഗൗരി എന്ന വിപ്ലവനായികയെ എന്നും കണ്ടിട്ടുള്ളത്. മലയാളത്തിന്റെ പ്രിയ കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ സഹപാഠിയായിരുന്നു. എറണാകുളം മാഹാരാജാസ് കോളജിൽ മലയാളം ഭാഷാ ക്ലാസിലാണ് ഇരുവരും സഹപാഠികളായത്.

ആറു പതിറ്റാണ്ടുകാലം പൊതുസേവന രംഗത്തു നിറഞ്ഞുനിന്ന വനിതയാണു ഗൗരിയമ്മ. ഏറ്റവും ആദ്യം മന്ത്രിയായ വനിത, ഏറ്റവും അധികം കാലം മന്ത്രിയായ വനിത, ഏറ്റവും കൂടുതൽ എംഎൽഎ ആയ വനിത എന്നിങ്ങനെ ഒരുപാടു വിശേഷണങ്ങൾ ഗൗരിയമ്മയ്ക്കുണ്ട്. മേയ് 11 നായിരുന്നു അന്ത്യം.

## മാർ ക്രിസോസ്റ്റം

**(1918 – 2021)**

വളരെ സരസമായും ലളിതമായും ചിന്തോദ്ദീപകമായ കാര്യങ്ങൾ മാലോകർക്കു മുന്നിൽ അവതരിപ്പിച്ചാണ് പത്മഭൂഷൺ മാർ ക്രിസോ



ശോശാമ്മയുടേയും മകനായി 1918 ഏപ്രിൽ 18 നാണു ജനനം. ധർമിഷ്ഠൻ എന്നായിരുന്നു പേര്. പിന്നീട് ഫിലിപ്പ് ഉമ്മൻ എന്ന പേരു സ്വീകരിച്ചു. 1944 ൽ വൈദികനായി. 1953 ൽ മെത്രാനായപ്പോഴാണ് മാർ ക്രിസോസ്റ്റം എന്ന പേരു സ്വീകരിച്ചത്. 1999 ൽ സഭയുടെ മെത്രാപ്പോലീത്തയായി. 2007 ൽ വിരമിച്ചു. 2018 ലാണ് രാഷ്ട്രം അദ്ദേഹത്തിനു പത്മഭൂഷൺ ബഹുമതി നൽകി ആദരിച്ചത്. നൂറ്റാണ്ടിലേറെ നീണ്ട ജീവിതത്തിനു ശേഷം മേയ് അഞ്ചിനാണ് അദ്ദേഹം ലോകത്തോടു വിടപറഞ്ഞത്.

സ്റ്റം ശ്രദ്ധേയനാകുന്നത്. ഏറ്റവും കൂടുതൽ കാലം മെത്രാനായി സേവനം ചെയ്തെന്ന നിലയിലല്ല മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്തയും മുൻ സഭാധ്യക്ഷനുമായ ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം ലോകത്തിനു പ്രിയങ്കരനായത്. 1954 ൽ കുന്നംകുളം ഭദ്രാസനാധിപനായി ചുമതലേറ്റ അദ്ദേഹം 2007 ലാണ് സഭാധ്യക്ഷ സ്ഥാനത്തുനിന്ന് വിരമിച്ചത്. 53 വർഷം മെത്രാനും മെത്രാപ്പോലീത്തയുമായി സേവനം ചെയ്തു.

മതേതര വീക്ഷണമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. അദ്ദേഹത്തിന്റെ സരസമായ വാക്കുകളും നിരീക്ഷണങ്ങളും വളരെ പ്രശസ്തമാണ്. യാചകർ മുതൽ രാജ്യതന്ത്രജ്ഞർ വരെ അദ്ദേഹത്തിനു സുഹൃത്തുക്കളാണ്. ഒരിക്കൽ ഒരു യാചകൻ അദ്ദേഹത്തെ കാണാൻ എത്തി. മാർ ക്രിസോസ്റ്റത്തെ ഇടക്കിടെ സന്ദർശിക്കാറുള്ള യാചകനാണ്. യാചകൻ പറഞ്ഞു: 'ഇന്നലെ കോട്ടയത്തു തിരുമേനിയുടെ പ്രസംഗം കേട്ടു. ഗംഭീരമായിരുന്നു. ഈ പ്രസംഗിക്കുന്ന ബിഷപ് എന്റെ ചങ്ങാതിയാണെന്ന് എന്റെ കൂടെയുണ്ടായിരുന്നവരോടു ഞാൻ പറഞ്ഞു. അവർക്കു വിശ്വാസമായില്ല.' കുശലാന്വേഷണത്തിനു ശേഷം യാചകൻ മടങ്ങിപ്പോകുമ്പോൾ മാർ ക്രിസോസ്റ്റത്തോടു ചോദിച്ചു: 'പല തവണ വന്നിട്ടും തിരുമേനിയുടെ ഭാര്യയെ കണ്ടിട്ടില്ല.'

ചിരിച്ചുകൊണ്ട് മാർ ക്രിസോസ്റ്റം നൽകിയ മറുപടി: 'ഞാനും കണ്ടിട്ടില്ല!'

അടങ്ങപ്പുറത്ത് കലമണ്ണിൽ കെ.ി. ഉണ്ണൻ കശീസയുടേയും കാർത്തകപ്പള്ളി നടുക്കേവീട്ടിൽ

## ആർ. ബാലകൃഷ്ണപിള്ള

**(1935 – 2021)**

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ നിർണായക സ്വാധീനം ചെലുത്തിയ കേരള കോൺഗ്രസ് പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ് ആർ. ബാലകൃഷ്ണപിള്ള. കേരള കോൺഗ്രസ് ബി പാർട്ടിയുടെ ചെയർമാനായിരുന്നു. തല തവണ മന്ത്രിയായി. ആറു പതിറ്റാണ്ടു കാലം പൊതുസേവന രംഗത്തു സജീവ



മായിരുന്നു അദ്ദേഹം. ഒമ്പതു തവണ എംഎൽഎയായി. ആറു തവണ മന്ത്രിയും.

തീക്കാറ്റുകൾക്കിടയിലൂടെ കടന്നുപോയ നേതാവ്, ആരേയും കൂസാത്ത ധിക്കാര എന്നെല്ലാമാണ് അദ്ദേഹത്തെ രാഷ്ട്രീയ നിരീക്ഷകർ വി

ശേഷിപ്പിക്കുക. അത്തരം അനേകം അനുഭവങ്ങളാണ് അദ്ദേഹം നേരിട്ടിട്ടുള്ളത്. അതു കേരള രാഷ്ട്രീയത്തിന്റെ ചരിത്രമാകുകയും ചെയ്തു.



വാളകത്ത് കീഴൂട്ട് പുത്തൻവീട്ടിൽ രാമൻ പിള്ളയുടേയും കാർത്ത്യായനിയമ്മയുടേയും മകനായി 1935 മാർച്ച് എട്ടിനാണു ജനനം. വിദ്യാർഥിയായിരിക്കേ, വിദ്യാർഥി ഫെഡറേഷൻ പ്രവർത്തകനായിട്ടാണു പൊതുസേവന രംഗത്ത് എത്തിയത്. പിന്നീട് കോൺഗ്രസ് അംഗമായി. 1960 ൽ പത്തനാപുരത്തുനിന്ന് എംഎൽഎയായി. 1964 ൽ കേരള കോൺഗ്രസ് രൂപീകരിക്കുമ്പോൾ സ്ഥാപക ജനറൽ സെക്രട്ടറിയായി. 1965 മുതൽ കൊട്ടാരക്കരയിൽനിന്നാണ് നിയമസഭയിൽ എത്തിയത്. 1971 ൽ മാവേലിക്കരയിൽനിന്ന് പാർലമെന്റംഗമായി.

അമ്പതു വർഷത്തിലേറെയായി പത്തനാപുരം എൻഎസ്എസ് താലൂക്ക് യൂണിയൻ പ്രസിഡന്റായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് കരുതൽ തടങ്കലിലായിരുന്നു. ഇടമലയാർ അഴിമതിക്കേസിൽ ഒരു വർഷം ജയിൽ ശിക്ഷ അനുഭവിച്ചു.

നിയമസഭാ തെരഞ്ഞെടുപ്പിൽ ജയിച്ച മുന്നണിയിൽനിന്ന് കൂറുമാറിയ പാർട്ടിക്കൊപ്പം മുന്നണി വിടാതിരുന്നതിന് കൂറുമാറ്റ നിരോധന നിയമമനുസരിച്ച് നിയമസഭാംഗത്വം നഷ്ടപ്പെട്ട നേതാവാണ് പിള്ള. 1990 ൽ കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പിനൊപ്പം ആയിരുന്ന പിള്ള ആ പാർട്ടിയുടെ തീരുമാനം അംഗീകരിക്കാതെ പുതിയ പാർട്ടി പ്രഖ്യാപിച്ച് എൽഡിഎഫിൽ തുടർന്നതോടെയാണു നിയമസഭാംഗത്വം നഷ്ടമായത്. കേന്ദ്ര സർക്കാർ കേരളത്തോടു കാണിക്കുന്ന അവഗണനയ്ക്കെതിരേ പാർട്ടി സമ്മേളനത്തിൽ 'കേന്ദ്ര സർക്കാർ ഫെഡറൽ മര്യാദകൾ പാലിച്ചില്ലെങ്കിൽ പഞ്ചാബ് മോഡൽ സമരം വേണ്ടിവരു'മെന്നു പ്രസംഗിച്ചതിന്റെ പേരിൽ മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടിവന്ന നേതാവും പിള്ളതന്നെ.

ഇടതുമുന്നണിക്കൊപ്പം നിലയുറപ്പിച്ച ബാലകൃഷ്ണപിള്ളയെ എൽഡിഎഫ് സർക്കാർ 2017 ൽ കാബിനറ്റ് റാങ്കോടെ മുന്നാക്ക സമുദായ വികസന കോർപറേഷൻ ചെയർമാനാക്കിയിരുന്നു. മേയ് മൂന്നിനായിരുന്നു അന്ത്യം.

## മാടമ്പ് കുഞ്ഞുകുട്ടൻ

**(1941 – 2021)**

സാഹിത്യകാരൻ, നടൻ, തിരക്കഥാകൃത്ത് തുടങ്ങിയ നിലയിൽ സാംസ്കാരിക കേരളത്തിന്റെ അഭിമാനമായിരുന്ന മാടമ്പ് കുഞ്ഞുകുട്ടൻ കോവിഡ് ബാധിച്ചാണു മരിച്ചത്. ജാതിപ്പേരു കൂടെ ചേർക്കാതെ എല്ലാവരോടും സ്നേഹത്തോടെ ഇടപഴകുന്ന പ്രതിഭാശാലി.

മാടമ്പ് ശങ്കരൻ നമ്പൂതിരി എന്നാണു യഥാർഥ പേര്. തൃശൂർ ജില്ലയിലെ കിരാലൂരിൽ മാടമ്പ് മനയിൽ ശങ്കരൻ നമ്പൂതിരിയുടേയും സാവിത്രി അന്തർജനത്തിന്റേയും മകനായി 1941 ജൂൺ 23 നാണു ജനനം. അമ്പലങ്ങളിലെ ശാന്തിക്കാരനായി പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് ട്യൂട്ടോറിയൽ കോളജ് നടത്തി. ആനവൈദ്യവും പഠിച്ചു. കുറച്ചുകാലം ആകാശവാണിയിലും സേവനം ചെയ്തു. തത്ത്വചിന്തയിലും വേദാന്തത്തിലും മാതംഗശാസ്ത്രത്തിലും ജ്ഞാനിയായിരുന്നു.

അശ്വത്ഥാമാവ്, മഹാപ്രസ്ഥാനം, അവിഘ്നമസ്തു, ഭ്രഷ്ട്, എന്തരോ മഹാനുഭാവലു, നിഷാദം, പാതാളം, ആര്യാവർത്തം, അമൃതസ്യ പുത്ര, ചക്കരക്കുട്ടിപ്പാറു, തോന്ന്യാസം എന്നവയാണു പ്രധാന കൃതികൾ. 'മഹാപ്രസ്ഥാന'ത്തിനു കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

ദേശാടനം, ആറാം തമ്പുരാൻ, അശ്വത്ഥാമാവ്, ചിത്രശലഭം, അഗ്നിസാക്ഷി, കരുണം, കാറ്റുവന്നു വിളിച്ചപ്പോൾ, അഗ്നിനക്ഷത്രം, വടക്കുന്നാഥൻ, പോത്തൻ വാവ, ആനച്ചന്തം, പൈതൃകം എന്നീ സിനിമകളിൽ അഭിനയിച്ചു. ദേശാടനം, കരുണം, സഫലം, ഗൗരീശങ്കരം തുടങ്ങിയ സിനിമകളുടെ തിരക്കഥാകൃത്താണ്. കരുണം എന്ന സിനിമയ്ക്ക് രണ്ടായിരാമാണ്ടിൽ മികച്ച തിരക്കഥാകൃത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. 2001 ൽ കൊടുങ്ങല്ലൂർ നിയമസഭാ മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥിയായി മൽസരിക്കുകയും ചെയ്തിരുന്നു. മേയ് 11 നായിരുന്നു അന്ത്യം.



# മാടമ്പ്: ഒരു സ്നേഹസ്മൃതി



**വി.പി.ജോൺസ്**

**മാ**ടമ്പ് കുഞ്ഞുകുട്ടൻ എന്ന മഹാ നോവലിസ്റ്റ്. എനിക്കാരായിരുന്നു മാടമ്പ്? എഴുത്തിൽ എന്റെ ഗുരുനാഥൻ? എന്റെ അഭ്യുദയകാംക്ഷി? എന്റെ കടുത്ത വിമർശകൻ? ഒരു പക്ഷേ, എന്നെ ഏറ്റവുമധികം സ്നേഹിച്ച വലിയ എഴുത്തുകാരൻ – അങ്ങനെ ഒരുപാട് ഓർമ്മകൾ എന്റെ മനസ്സിന്റെ ഉള്ളകങ്ങളിലേക്ക് ഓടിപ്പിടഞ്ഞെത്തുകയാണ്.


മതനിരപേക്ഷമായ ഉദാത്ത മനുഷ്യത്വദർശനമുണ്ടായിരുന്ന ഈ എഴുത്തുകാരൻ, ബി.ജെ.പിക്കാരനായി പ്രവർത്തിക്കുമ്പോഴും എന്നോട് അതിരറ്റ സ്നേഹവാത്സല്യത്തോടെ പെരുമാറി. തലക്കനമെന്നത് അശേഷം തൊട്ടുതീണ്ടാത്ത മഹാപ്രതിഭ – അതായിരുന്നു സ്നേഹവലയത്തിൽ ഉൾപ്പെട്ടവർക്ക് മാടമ്പിനെക്കുറിച്ച് പറയാനാവുക.

**തലക്കനമെന്നത് അശേഷം തൊട്ടുതീണ്ടാത്ത മഹാപ്രതിഭ – അതായിരുന്നു സ്നേഹവലയത്തിൽ ഉൾപ്പെട്ടവർക്ക് മാടമ്പിനെക്കുറിച്ച് പറയാനാവുക.**

പഴയ ഓർമയുടെ ചുറ്റുവട്ടങ്ങളിൽനിന്ന് 'അശ്വത്ഥാമാവ്' എന്ന ദ്രോണപുത്രൻ ഇറങ്ങിനടന്നു വരുന്നു. വളരെ വർഷങ്ങൾക്കു മുമ്പ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഖണ്ഡശ്ശഃ പ്രത്യക്ഷപ്പെട്ട അശ്വത്ഥാമാവ്. മാടമ്പ് കുഞ്ഞുകുട്ടന്റെ ഈ നോവൽ, അക്കാലത്ത് വാരികയുടെ സർക്കുലേഷനെ നന്നേ പ്രതികൂലമായി ബാധിച്ചുവത്രെ. എന്നാൽ അന്നത്തെ പ്രഗത്ഭരായ പത്രാധിപർ, അക്കാര്യം നിസ്സാരമാക്കി തള്ളിക്കളഞ്ഞു. അതുകൊണ്ട് മാടമ്പിന്റെ 'അശ്വത്ഥാമാവ്' തുടർ വെളിച്ചം കണ്ടു. മേതിൽ രാധാകൃഷ്ണന്റെ 'സൂര്യവംശ'വും ഇക്കൂട്ടത്തിൽപെടും. മലയാള നോവൽ നിർമിതിയിൽ ഒരു Paradygm Shift (സമൂലവും സമഗ്രവുമായ മാറ്റം) കൊ

ണ്ടുവന്ന 'അശ്വത്ഥാമാവ്' സിനിമയായി. യശശ്ശരീരനായ കെ.ആർ.മോഹനൻ സംവിധാനം ചെയ്തവതരിപ്പിച്ചു.

രാഗത്തിൽ അതിന്റെ 'പ്രീവ്യൂ' വിന് മാടമ്പ് പ്രത്യേകം ക്ഷണിച്ചിരുന്നു. കാലത്ത് 10 മണിക്കായിരുന്നു പ്രദർശനം. 'ജോൺസൺ രാഗം തിയ്യറ്ററിലെത്തണം. അശ്വത്ഥാമാവിന്റെ പ്രിവ്യൂ ഉണ്ട്. ചെന്നു കണ്ടു. മാടമ്പും നമ്പാടൻ മാഷും മിസ്സിസ് സാവിത്രി മുല്ലനേഴിയുമൊക്കെ ചിത്രത്തിലുണ്ട്. മുല്ലനും



മാടമ്പും അന്നത്തെ അടുത്ത സുഹൃത്തുക്കളായിരുന്നു. എനിക്ക് കെ.ആർ.മോഹനനെ മാടമ്പ് പരിചയപ്പെടുത്തി.

സിനിമ കണ്ടു പുറത്തിറങ്ങുമ്പോൾ വൈലോപ്പിള്ളി പറയുന്നു. എന്തൊരു വിവരം കെട്ട ജീവിതദർശനമാണാ ചെറുപ്പക്കാരന്റെ. അദ്ദേഹത്തോട് എന്താണ് മറുപടി പറയുക.

എന്റെ കഥാസമാഹാരമായ 'ഭൂമിയുടെ മറുകിനു' അവതാരിക എഴുതിയത് മാടമ്പാണ്. അദ്ദേഹം കുറിച്ചതിപ്രകാരം: 'ജോൺസൺ എഴുതാൻ തുടങ്ങിയകാലംതൊട്ട് ഏതാണ്ട് എല്ലാ കഥകളും വായിച്ച ഒരാളാണ് ഞാൻ. അതിൽ അല്പം വിമർശനവും കലർത്തിയിരുന്നു. പക്ഷേ വലിയ പ്രതീക്ഷകളാണ് മാടമ്പ് എന്നിൽ അർപ്പിച്ചിരുന്നത്. മറ്റൊരു സന്ദർഭം കൂടി ഓർമയിൽ തടയുന്നു:

ഞാൻ രചിച്ച താരതമ്യേന ദൈർഘ്യമുള്ള 'വലിയ കപ്പിത്താൻ' എന്ന ചരിത്രനോവൽ കേരള സാഹിത്യ അക്കാദമിയിൽ വച്ച് പ്രകാശനം ചെയ്യവേ, മാടമ്പ് പറഞ്ഞു: ജോൺസൺ ഇതാ സ്വന്തം തട്ടകം കണ്ടെത്തിയിരിക്കുന്നു. നോവൽ എഴുതാൻ ഞാൻ പാകമായിക്കഴിഞ്ഞു എന്നു സാരം. രചനാസൗഷ്ഠവത്തെക്കുറിച്ചാണദ്ദേഹം അങ്ങനെ വിലയിരുത്തിയത്.

ഇടയ്ക്കൊരു സ്വകാര്യം: 'വലിയ കപ്പിത്താനെ' ഏറ്റുവാങ്ങിയ സാക്ഷാൽ എം.ആർ.സി എന്നോടു പതുക്കെ ചോദിക്കുന്നു: വാസ്കോ ഡ ഗാമയെ, വീരനായാണോ, വില്ലനായാണോ ജോൺസ് ചിത്രീകരിച്ചിരിക്കുന്നത്. ഞാൻ പ്രത്യുത്തരിച്ചു: വീരനായിത്തന്നെ. പക്ഷേ മാടമ്പും എം.ആർ.സിയും നല്ലതേ പറഞ്ഞുള്ളൂ. ഡോ. പി.വി.കൃഷ്ണൻനായർ നോവലിനെക്കുറിച്ചൊരു വിശദപഠനം നടത്തി. മാ.കു. എന്നെഴുതി ഒപ്പിട്ട് തന്റെ രണ്ട് പുസ്തകങ്ങൾ മാടമ്പ് എനിക്കു തന്നിട്ടുണ്ട്.

ഒരിക്കൽ സാഹിത്യഅക്കാദമിയിൽ വെച്ച് ഏതോ ഭാഗത്തുനിന്നും കൂട്ടമായെത്തിയ കുറേ വിദ്യാർത്ഥികൾ മാടമ്പിനെക്കണ്ട് കുശലം പറയാനെത്തി. ഒപ്പമുണ്ടായിരുന്ന എന്നെപ്പറ്റി മാടമ്പ് എന്താ പറഞ്ഞതെന്നറിയോ? "ജോൺസ്, ഒന്നാന്തരം എഴുത്തുകാരനാണ്. മാതൃഭൂമിയിലും, കലാകൗമുദിയിലും ഭാഷാപോഷിണിയിലുമൊക്കെ എഴുതിയിട്ടുണ്ട്'. എനിക്കൊരല്പം ജാള്യം അനുഭവപ്പെട്ടു എന്നു തോന്നുന്നു.

എടോ പ്രൊഫസറേ, ടോ ജോൺസൺ എന്നൊക്കെയാണ് മാടമ്പ് എന്നെ വിളിക്കാറ് പതിവ്. പലരോടും, ഒരു 'SELF-MADE MAN' എന്ന് എന്നെപ്പറ്റി പറഞ്ഞിട്ടുണ്ട് മാടമ്പ്. ഇല്ലത്ത് മിക്ക വിശേഷങ്ങൾക്കും എന്നെ ക്ഷണിക്കാറുണ്ടദ്ദേഹം. ഇനി മാടമ്പില്ല. ഇതൊരു സ്നേഹസ്മൃതി.

●

# ഖനികന്യകൾ



ഉന്നം പിടിച്ച തോക്കിൻ തുമ്പിലൂടെ
ഞാൻ കാണുന്നുണ്ട്
നിന്നെ.

നിനക്കുചുറ്റും
പൂക്കൾ
വിടർന്നുവരുന്നത്.
പൂമ്പാറ്റകൾ പറന്നുവരുന്നത്.

നിഷ്കളങ്കതയുടെ വെളുത്ത
മുയൽക്കുഞ്ഞ്
നിനക്ക് ചുറ്റും
നൃത്തം വയ്ക്കുന്നത്.

കൈയ്യിലെ ചായത്തൊട്ടിയിൽ
നിന്ന്
തെറിച്ചുവീണ്
ഉരുകിയൊലിച്ച്
താഴ്വാരമാകെ
അരുണവർണ്ണം നിറയുന്നത്.

നിൻറെ നെറുകയിൽ മുത്തം
വയ്ക്കുന്ന
സ്വർണ്ണത്തൂവലുകളുള്ള
പക്ഷിയുടെ കണ്ണിലെ സ്വപ്നം.

ഉന്നം പിടിച്ച തോക്കിൻ തുമ്പിലൂടെ
ഞാൻ
കാണുന്നുണ്ട്.

എനിക്കറിയില്ല നിൻറെ പേര്
ആ പക്ഷിയുടേത്.
ഈ താഴ്വാരത്തിന്റെ.
എങ്കിലും
എനിക്കിന്ന്
ഈ കാഞ്ചിവലിക്കാതിരിക്കാനാവില്ല.

പ്രിയ ഖനികന്യകേ
ഒരുപക്ഷേ
പുറകേ വരുന്നവർ
നിന്നെ കൊല്ലില്ലായിരിക്കാം................



എം.കപിൽദേവ്.

# മനസു നിറച്ച് മഴരാഗങ്ങൾ






തേജശ്രീ

**മഴ നല്ലതാണ്, അവനവന്റെ വീട് ചോരുന്നതുവരെ എന്നൊരു ചൊല്ലുണ്ട്. മഴ, കട്ടൻചായ, ജോൺസൺ മാഷിന്റെ പാട്ടുകൾ– ഈ കോമ്പിനേഷൻ ആസ്വദിക്കുന്നവരുമുണ്ട്. എപ്പൊഴാണ് മഴയെ ആഹ്ലാദത്തോടെ കാണാനാവുക എന്നത് വ്യക്ത്യധിഷ്ഠിതമാണ്. അടച്ചുപൂട്ടലിന്റെ, ഒറ്റപ്പെടലിന്റെ കാലത്ത് സംഗീതത്തിലെ മഴയെക്കുറിച്ച്...**

മഴ ആസ്വദിക്കാൻ ഒരു മനസുവേണം. എല്ലാവർക്കും എല്ലായ്പ്പോഴും അതിനു കഴിയണമെന്നില്ല. കാല്പനികത വാക്കിൽ നിറയ്ക്കാമെന്നല്ലാതെ മഴയും ക്ലാരയും പ്രണയവും മനസുകളെ ശാന്തമാക്കാത്ത സമയമുണ്ട്. ചോരുന്നയിടത്ത് ചെമ്പുകലം വയ്ക്കുന്നവർക്കും അടുപ്പുകത്തിക്കാൻ ഉണങ്ങിയ വിറകില്ലാത്തവർക്കും മരണം മനസു മുറിച്ചവർക്കും മഴയെന്നല്ല, ഇരുണ്ട മേഘം പോലും വിങ്ങുന്ന വേദനയാണ് നൽകുക. തോരാതെ നിന്നു ചാറുന്ന മഴപോലെ അവരുടെ ഹൃദയങ്ങൾ വിതുമ്പിക്കൊണ്ടിരിക്കും.

അടച്ചുപൂട്ടലിന്റെയും ഒറ്റപ്പെടലിന്റെയും കാലമാണ്. എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ച് കോവിഡ് അതിന്റെ കണക്കെടുപ്പു തുടരുന്നു. ആരോഗ്യത്തോടെ ജീവിച്ചിരിക്കുക, മൂന്നുനേരം തികച്ച് ഭക്ഷണം കഴിക്കുക എന്നീ കാര്യങ്ങളാണ് ഇപ്പോൾ വലിയൊരു വിഭാഗത്തിന്റെ പ്രധാന കരുതൽ. ആരോഗ്യം എന്നത് ശരീരത്തിന്റേതു മാത്രമല്ല, മനസിന്റേതുകൂടിയാണ്. കോവിഡ് കാലത്തെ മാനസിക പ്രശ്നങ്ങൾ ഒട്ടേറെപ്പേരെ അലട്ടിത്തുടങ്ങിയിരിക്കുന്നു. വിദൂരഭാവിയെക്കുറിച്ച ആശങ്കകളല്ല പലർക്കുമുള്ളത്– നാളെ എന്ത് എന്നാണ്. ഇന്നുകാണുന്ന പലരെയും നാളെ കാണാതാകുന്നു. പ്രിയപ്പെട്ടവരുടെ മുഖംപോലും അവസാനമായൊന്നു കാണാൻ ഭാഗ്യമില്ലാതെ പോകുന്നവർ. ജീവിച്ചിരിക്കുന്നവർക്ക് മനസിനെ പിടിച്ചുനിർത്താൻ തെല്ലൊന്നുമല്ല പാടുപെടേണ്ടത്.

## കൂടണം, പാട്ടിനൊപ്പം


ആകുലതകളെക്കുറിച്ചു പറയുമ്പോഴാണോ പാട്ടുകഥ എന്നു നെറ്റിചുളിക്കരുത്. അവ അകറ്റാൻ പാട്ടിനോളം പറ്റിയ വഴി വേറെയില്ല. കണ്ണടച്ചിരുന്ന് അല്പനേരം സംഗീതം കേൾക്കൂ. മനസു ശാന്തമാകുന്നതും താളംപിടിക്കുന്നതും കാണാം.

ഇത്തവണ നമ്മുടെ നാട്ടിൽ മഴ നേരത്തേ എത്തി. വെറും മഴയല്ല, പെരുമഴ. ഒപ്പം കാറ്റും. ജൂൺ ഒന്നിനു സ്കൂൾ തുറക്കില്ല, പിന്നെ എന്തിന് അന്നുവരെ കാത്തിരിക്കണം എന്നു മഴ കരുതിയിരിക്കുമെന്ന് തമാശകൾ. സത്യത്തിൽ നമ്മുടെ കോവിഡ് ദുരിതങ്ങൾക്കു ശക്തി പകരുകയാണ് മഴ. എന്തുചെയ്യാം, അനുഭവിക്കാതെ പറ്റില്ലല്ലോ.

വരണ്ട ഭൂമിയിൽ പുൽനാമ്പുകൾ മുളപ്പിച്ച് മെല്ലെമെല്ലെ പച്ചപുതപ്പിക്കുന്ന ഏർപ്പാടുണ്ട് മഴയ്ക്ക്. കാണെക്കാണെ നമുക്കു ചുറ്റും പച്ചപ്പു നിറയും. അങ്ങനെ സംഗീതംകേട്ട് മനസിൽ പ്രതീക്ഷകളുടെ പുതുനാമ്പുകൾ കിളിർപ്പിക്കാൻ ശ്രമിക്കാം. മനസുകളെയും പ്രകൃതിയെയും സ്വാധീനിക്കാൻ സംഗീതത്തിന്,



മിയ താൻസൻ



മുത്തുസ്വാമി ദീക്ഷിതർ

വിശേഷിച്ച് ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിന് വലിയ കഴിവുണ്ട്. നമുക്കെന്തായാലും ഇത്തവണ പാട്ടുപാടി മഴപെയ്യിക്കേണ്ട സ്ഥിതിയില്ല. എന്നാൽ പലയിടങ്ങളിലും അത്തരം നാദാർച്ചനകൾ നടത്തി മഴ പെയ്ത അനുഭവങ്ങളുണ്ട്. ദീക്ഷിതരുടെ നവാവരണ കൃതികൾ, നവഗ്രഹ കൃതികൾ, അംബ കാമാക്ഷി സ്വരജതികൾ എന്നിവയൊക്കെ പ്രകൃതിയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്.

ദീപക് രാഗം പാടി ശരീരത്തിൽ തീപിടിച്ച സംഗീതജ്ഞൻ താൻസന്റെ കഥ കേട്ടിരിക്കും. അദ്ദേഹത്തെ പൊള്ളലിൽനിന്നു രക്ഷിച്ചത് മകൾ പാടിയ മേഘമൽഹർ ആണെന്നത് വെറും കെട്ടുകഥയാകാൻ തരമില്ല.

## മേഘമൽഹറും അമൃതവർഷിണിയും

ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിലെ രണ്ടു രാഗങ്ങളാണ് മേഘമർഹറും അമൃതവർഷിണിയും. ആദ്യത്തേത് ഹിന്ദുസ്ഥാനിയിലേത്, അടുത്തത് കർണാടക സംഗീതത്തിലേതും. ഇവരണ്ടും മഴപെയ്യിക്കാൻ കഴിവുള്ള രാഗങ്ങളെന്നാണ് അറിയപ്പെടുന്നത്. മേഘമൽഹറിന്റെ കഴിവ് നേരത്തേ വായിച്ചു. മുത്തുസ്വാമി ദീക്ഷിതർ അമൃതവർഷിണി രാഗത്തിൽ ആനന്ദാമൃതകർഷിണി എന്ന കൃതി രചിച്ച് പാടിയ വേളയിൽ അനുപല്ലവിയിലെ വർഷയ വർഷയ എന്ന ഭാഗം എത്തിയതോടെ മഴപെയ്തു എന്നാണ് കേട്ടറിവ്.

അക്ബറിന്റെ രാജസദസ്സിലെ മഹാസംഗീതജ്ഞനായിരുന്ന മിയാ താൻസൻ സൃഷ്ടിച്ച രാഗമാണ് മിയാ കി മൽഹർ. ഇതെങ്ങനെയുണ്ടായി എന്ന് അദ്ദേഹംതന്നെ വിവരിച്ചിട്ടുണ്ട്- ആകാശത്ത് മേഘങ്ങൾ ഉരുണ്ടുകൂടുമ്പോൾ സ്വയം പ്രത്യക്ഷമാകുന്ന രാഗം!

സുർ മൽഹർ, ധൂലിയ മൽഹർ, ഗൗഡ് മൽഹർ എന്നിങ്ങനെ ഹിന്ദുസ്ഥാനിയിലെ മഴരാഗങ്ങൾ നീളുന്നു. ഈ കുടുംബത്തിൽ 36 രാഗങ്ങളുണ്ടെന്നേ്രത കണക്ക്. മൽഹർ എന്ന വാക്കുവന്നത് മല, ഹരി എന്നീ സംസ്കൃതവാക്കുകളിൽനിന്നാണ്. അതായത് മാലിന്യത്തെ ഹരിക്കുന്നത്, ഇല്ലാതാക്കുന്നത് ആണ് മൽഹർ. അപ്പോൾ മനസുകളിലെ മാലിന്യങ്ങൾ നീക്കിക്കളയുന്നതാകട്ടെ രാഗസംഗീതം.

## സിനിമയിൽനിന്ന്

മലയാള ചലച്ചിത്രഗാനങ്ങളിൽ അമൃതവർഷിണി രാഗത്തിലുള്ള ഏതാനും ഹിറ്റുഗാനങ്ങൾ ഉണ്ടായിട്ടുണ്ട്. മഴ എന്ന ചിത്രത്തിലെ ആഷാഢം പാടുമ്പോൾ, ജാലകത്തിലെ ഒരു ദലം മാത്രം, ഒരു മുത്തം മണിമുത്തം എന്ന ചിത്രത്തിലെ ദേവീ നീയെൻ, ഇടവേളയ്ക്കുശേഷം എന്ന ചിത്രത്തിലെ മാനം പൊന്മാനം, താളം മനസ്സിന്റെ താളം എന്ന ചിത്രത്തിലെ താളം തെറ്റിയ ജീവിതങ്ങൾ തുടങ്ങിയ പാട്ടുകൾ ഉദാഹരണങ്ങളാണ്. ഇവ കേൾക്കുമ്പോൾ മനസിനുണ്ടാകുന്ന ഭാവപ്പകർച്ചകൾ അനുഭവിച്ചറിയുക. മനസ്സിലുണരൂ ഉഷസ്സന്ധ്യയായ് (മറുനാട്ടിൽ ഒരു മലയാളി), ആദിപരാശക്തി അമൃതവർഷിണി (പൊന്നാപുരം കോട്ട), ആടി ഞാൻ കദംബവനികയിൽ (ശ്യാമരാഗം), വിളിക്കാതിരുന്നാലും വിരുന്നെത്തും (ഇഷ്ടമാണു പക്ഷേ) തുടങ്ങിയ ഗാനങ്ങളിലും അമൃതവർഷിണി വിരുന്നെത്തുന്നുണ്ട്. സർഗം എന്ന ചിത്രത്തിലെ ഉദധി നിവാസ ഉരഗ ശയന എന്ന പാട്ട് മലഹരി രാഗത്തിലുള്ളതാണ്.

പാട്ടുകൾ ആനന്ദിക്കാൻ മാത്രമുള്ളതല്ല, ആശ്വസിക്കാൻ കൂടിയാണ്. ഇരുണ്ടുകൂടി വിങ്ങിനിൽക്കുന്ന മനസുകളിൽ കുളിർമയെത്തിക്കാൻ പാട്ടുകൾക്കു കഴിയുമെന്നുറപ്പ്. ●



# ഒടുവിൽ

ഒടുവിൽ
ഇവിടം വിട്ടു പോവുമ്പോൾ
ആരുടെ ഉള്ളിലായിരിക്കും
ഒരോർമയായ് മാറുക...

ഒരിക്കൽ കൂടി
കാണാൻ കഴിയില്ലല്ലോ എന്ന്
ആരുടെനെഞ്ചകമായിരിക്കും
വിലാപകാവ്യംചൊല്ലുക

അകന്നു പോയൊരു
ജാലകക്കാറ്റിനെയോർത്ത്
ആരുടെ മിഴികളാവും
തോരാതെ പെയ്യുക?

ഉണങ്ങാത്ത മുറിവായ്
വടുക്കളായ് പിന്നെയും
ആരുടെ ഓർമയിലായിരിക്കും
മായാതെ നിൽക്കുക,,,,

ഒറ്റയ്ക്കിരിക്കുന്ന
ഏതു ചിന്തകളിലായിരിക്കും
നഷ്ടബോധത്തിന്റെ നെടുവീ'ർപ്പുകൾ
കനൽ നിറക്കുക,,,,

അങ്ങനെ
ഹൃദയഭാരത്തോടെ
തിരിഞ്ഞു നോക്കാൻ മാത്രം
എവിടെയെങ്കിലും
എവിടെയെങ്കിലും
ആരെങ്കിലും
എന്നെയും അടയാളപ്പെടുത്തി
യിട്ടുണ്ടാവുമോ,,,?



ഹാജറ കെ. എം.



# ആതിരയുടെ മഴ



ജയന്തി അറക്കൽ

പുറത്ത് തിരുവാതിര മഴ തിമിർത്തു ചെയ്യുമ്പോൾ കത്തുന്ന ഉഷ്ണത്താൽ പിടയുകയായിരുന്നു ആതിരയുടെ മനസ്സ്. എപ്പോഴോ എവിടെയോ വെച്ച് മറന്നു പോയത് ഓർത്തെടുക്കുകയായിരുന്നു അവൾ. ജനൽക്കമ്പികൾക്കിടയിലൂടെ കൈ നീട്ടി അവൾ മഴത്തുള്ളിയെ തൊട്ടെടുക്കാൻ ശ്രമിച്ചു. ഒരു ചെറു ശീതക്കാറ്റു പോലും അവളുടെ മുഖത്തേക്ക് തൂവാൻ കൂട്ടാക്കാതെ നിന്നു. പിണങ്ങി പോയത് മഴ മാത്രമല്ല മറ്റു പലതുമാണെന്ന തിരിച്ചറിവിൽ മുകളിലെ മുറിയിൽ ഒരു ശില പോലെ ഉറച്ചിരുന്നു പോയി അവൾ.

കഴിഞ്ഞ പുലർച്ചെയാണ് ഗിരിയേട്ടൻ കോഴിക്കോട്ടേക്ക് യാത്രതിരിച്ചത്. ചില ബിസിനസ്സുകാര്യങ്ങൾ . കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇതു രണ്ടാമത്തെ തവണയാണ് ഈ യാത്ര . വീട്ടിൽ തനിച്ചാവാതിരിക്കാനും വേണ്ടകാര്യങ്ങളൊക്കെ നോക്കി നടത്താനും ഒരാഴ്ചയായി ഗിരിയേട്ടൻ ലളിത ചേച്ചിയെ പരിശീലിപ്പിക്കുന്നുണ്ടായിരുന്നു. ഗിരിയേട്ടൻ വരുന്നതു വരെ രാത്രി ആതിരക്ക് കൂട്ടുകിടക്കണമെന്നും എന്ത് കാര്യമുണ്ടായാലും വിളിച്ചറിയിക്കണമെന്നുമൊക്കെ ലളിത ചേച്ചിയോട് ഇടയ്ക്കിടെ പറയുന്നുണ്ടായിരുന്നു ഗിരിയേട്ടൻ .

‘പഠിപ്പുണ്ടെങ്കിലും നാട്ടിൻ പുറത്തു വളർന്ന കുട്ട്യാ..., ഒരു സാധുക്കുട്ടി .‘ വിവാഹം കഴിഞ്ഞു വന്ന നാൾ മുതൽ ഗിരിയേട്ടൻ എല്ലാവരോടും പറയുന്നതാണ്. ‘സാധുക്കുട്ടി ‘ ! .. ആ വിശേഷണത്തെ സാധൂകരിക്കാൻ ഒരു ബാധ്യത പോലെ അവൾ ശ്രമിച്ചുകൊണ്ടേയിരുന്നു...

മഴ ചെറുതായൊന്നു കുറഞ്ഞതും ഏതോ ഓർമ്മയുടെ പെരുമഴ അവളിൽ ആർത്തിരമ്പിയതും പെട്ടന്നായിരുന്നു. ഒരു ഉൾപ്രേരണയുടെ ചടുലവേഗങ്ങൾ ആവേശിച്ചതുപോലെ അവൾ അലമാരയിൽ നിന്നും കാറിന്റെ കീ'യെടുത്ത് വട്ടം കറക്കി ധൃതിയിൽ കോണിപ്പടികളിറങ്ങി കാർ പോർച്ചിലെത്തി മൂടി കിടന്ന കാറിന്റെ പുതപ്പെടുത്തുമാറ്റി ഡോർ വലിച്ചു തുറന്നു. സ്റ്റിയറിംങ്ങിൽ മുത്തമിട്ടു കൊണ്ട് ഒരു മൂളിപ്പാട്ടോടെ വണ്ടി സ്റ്റാർട്ടാക്കി തുറന്നിട്ട ഗേറ്റിലൂടെ

അതിവേഗം പായിച്ചു. അടുക്കളയിൽ നിന്നും ഓടി വന്ന ലളിത ചേച്ചി വായും പൊളിച്ചു നിൽക്കുന്നതും അകത്തെ മുറിയിലേയ്ക്കോടുന്നതും ആതിര കണ്ണാടി ചില്ലിലൂടെ കണ്ടു. ഗിരിയേട്ടന്റെ ഫോണിലേക്ക് എത്രതവണ കോൾ പോയിട്ടുണ്ടാവുമെന്നും ഗിരിയേട്ടൻ എത്ര തവണ തന്റെ മൊബൈലിലേക്ക് വിളിച്ചിട്ടുണ്ടാവുമെന്നും ഒരു കുസൃതി ചിരിയോടെ അവളോർത്തു. ഒരു സാധുകുട്ടിയുടെ ഓർമ്മ പിശകായി കണ്ട് തന്റെ ഫോൺ മുറിയിൽ മന:പൂർവ്വം മറന്നു വെയ്ക്കുകയായിരുന്നു അവൾ.

മണ്ണാറത്തൊടി യിലെ ഊർമ്മിള ചിറ്റയുടെ മൂത്തമകൻ ഉണ്ണിക്കുട്ടനേയും അവന്റെ അനിയനെയും മാലതി മാമിയുടെ ഇളയകുട്ടി ചാരുവിനേയും അതിനപ്പുറത്തു താമസിക്കുന്ന ചെറിയമ്മയുടെ രണ്ട് കുട്ടികളേയും അവൾ അവരുടെ വീട്ടിൽ ചെന്ന് കൂട്ടിക്കൊണ്ടുപോരുകയായിരുന്നു. ഗിരീശന്റെഭാര്യ കാറുമായി വന്നു കുട്ടികളെ കൂട്ടിക്കൊണ്ടു പോകുന്നത് കണ്ടു ആകാംക്ഷയോടെ ഒരു വാക്കും പറയാതെ നിൽക്കുകയായിരുന്നു വീട്ടുകാർ .എല്ലാവരെയും കൂട്ടി നേരെ പോയത് മുന്തിയ ഒരു റസ്റ്റോറന്റിലേക്ക് . ഐസ്ക്രീമും ചിക്കൻ ലോലിപോപ്പും മറ്റു വിഭവങ്ങളുടെ രുചിഭേദങ്ങളിലൂടെയും കുട്ടികൾക്കൊപ്പം ആ നിമിഷങ്ങൾ അവൾ ആസ്വാദ്യകര മാക്കി. ഒരിക്കൽ ഈ റസ്റ്റോറന്റി ലേക്ക് കൂട്ടിക്കൊണ്ടുപോയി തന്റെ സാധു കുട്ടിക്ക് ഭക്ഷണം വാങ്ങി കൊടുത്തിട്ടുണ്ട് ഗിരിയേട്ടൻ . ഗിരിയേട്ടൻ ഇപ്പോൾ എല്ലായിടത്തേക്കും വിളിച്ചു ചോദിച്ചു കൊണ്ടിരിക്കുകയാവും എന്നോർത്തപ്പോൾ ഉള്ളു പൊള്ളിയെങ്കിലും മന:പൂർവ്വം മറക്കാനുള്ളവയുടെ കൂട്ടത്തിൽ ആ പൊള്ളലിനേയും അവൾ ചേർത്തുവച്ചു.

ചാറിചാറി മഴ ക്ഷീണിതയായിരുന്നു .കുട്ടികളേയും കൂട്ടി ആതിര നിരത്തിലും പറമ്പിലും ഓടിനടന്നു. ടൗണിലെ കടകളിൽ നിന്നും മിഠായിയും കുപ്പിവളകളും ബലൂണുമൊക്കെ വാങ്ങി. പിന്നെയും യാത്ര .. .ബാല മാമയുടെ വീടിന്റെ വടക്കേഅറ്റത്തെ നെല്ലിമരത്തിൽ കയറി നെല്ലിക്ക പറിച്ചു. പാടവരമ്പിലൂടെ ഓടി . വീണു കിടന്ന തെങ്ങിൽ കയറി വണ്ടിയോടിച്ചു കളിച്ചു .കുട്ടികൾ ആർത്തു ചിരിച്ചു. വഴിയിൽ നിന്നും കിട്ടിയ പട്ടം എടുത്തു വീണ്ടും പറത്താൻ നോക്കി. ഉയരങ്ങളിലേക്ക് കുതിക്കാനാ വാതെ അത് തലകുത്തി വീണു. നടന്നു നടന്നു കാലു കഴച്ച ഉണ്ണിക്കുട്ടൻ ചിണുങ്ങാൻ തുടങ്ങിയപ്പോൾ ആതിര അവനെ പൊക്കിയെടുത്ത് കവിളിൽ മുഖം ചേർത്തു ചുംബിച്ചതും , പുറം കഴുത്തിൽ തുടങ്ങി താഴേക്കു നീളുന്ന ഗിരിയേട്ടന്റെ തണുത്ത ചുംബനങ്ങളെ ഓർമ്മ വന്നതും ഒരുമിച്ചായിരുന്നു.ആർട്ടു ഗ്യാലറിയിൽ വെച്ച് ഏതോ പേരറിയാ ചിത്രത്തെ ചൊല്ലി വഴക്കടിച്ചു കൊണ്ടിരിക്കെ പെട്ടെന്ന് അവളുടെ സുഹൃത്ത് അനന്തൻ അവളെ വാശിയോടെ, കരുത്തോടെ ചുംബിച്ചത് ഒരൊറ്റ തവണ മാത്രമാണല്ലോ എന്ന കുണ്ഠിതം എപ്പോഴുമെന്നപോലെ അവളിൽ തികട്ടി വന്നു.

കാറ് പിന്നെയും ഓടിക്കൊണ്ടിരുന്നു. പല വഴികളിലൂടെ . സാമാന്യ വേഗതയോടെയും വളവ് തിരിവുകളിൽ പ്രത്യേക വൈഭവത്തോടെ യുമുള്ള ആതിരയുടെ ഡ്രൈവിംഗ് കണ്ട് അത്ഭുതപ്പെട്ടിരിക്കുന്ന കുട്ടികളെ നോക്കി അവൾ പൊട്ടിച്ചിരിച്ചു. അവളുടെ പൊട്ടിച്ചിരികളും പൊട്ടിക്കരച്ചിലുകളുമില്ലാത്ത നിസ്സംഗതയുടെ ഒരു വർഷമാണ് കടന്നു പോയത്. 'സാധുകുട്ടി ' എന്ന അച്ചിൽ ഭംഗിയായി വാർത്തെടുക്കപ്പെടുകയായിരുന്നു ഓരോ ദിനവും അവൾ . ഈ സാധു ക്കുട്ടിക്ക് വിലപിടിപ്പുള്ള വസ്ത്രങ്ങൾ വാങ്ങിക്കൊണ്ടുവരുമായിരുന്നു ഗിരിയേട്ടൻ .ഒരു പൊട്ടിപെണ്ണിന്റെ കൗതുകത്തോടെ അതിനുള്ളിൽ കയറിപറ്റുമ്പോൾ ഗിരിയേട്ടന്റെ വാരിക്കോരിയുള്ള അഭിനന്ദനങ്ങൾ .. ഗിരിയേട്ടന് താൻ എന്തൊക്കെയോ ആണ് .പക്ഷേ, എനിക്ക് ഞാനാരാണ് ...? ഇനിയും പിന്നിടാനുള്ള കാലങ്ങളുടെ വളവു തിരിവുകളിൽ എന്നേക്കുമായി തനിക്ക് തന്നെ നഷ്ടപ്പെടുമെന്ന് അവൾ ആകുലപ്പെട്ടു. വൈറ്റമിൻ ' എ' മുതൽ 'ഇ' വരെ കിട്ടുന്ന തരത്തിൽ ഗിരിയേട്ടൻ പറഞ്ഞു കൊടുത്തുണ്ടാക്കുന്ന ലളിത ചേച്ചിയുടെ പാചകവും അലമാരയിലെ തുണികളുടെ അടുക്കിപ്പെറുക്കി വെക്കലും വൃത്തിയാക്കലുമൊക്കെ അവൾക്ക് മനംപുരട്ടൽ ഉണ്ടാക്കി കൊണ്ടിരുന്നു. എല്ലാം ഒന്ന് അശ്രദ്ധവും അലങ്കോലവുമായി കിടന്നിരുന്നുവെങ്കിൽ എന്ന് അവളാഗ്രഹിച്ചു. ചിട്ടപ്പെടുത്തിയ കരുതലും സ്നേഹവും ഇത്രയേറെ ഇല്ലായിരുന്നെങ്കിലെന്ന് , ഒന്നു വഴക്കിട്ട് പിണങ്ങിയിരുന്നെങ്കിലെന്ന് .. , തന്റെ ശരീരത്തിൻമേൽ ആ

ധിപത്യം സ്ഥാപിക്കാനുള്ള ഗിരിയേട്ടന്റെ ഒരു ഏകാധിപതിയുടേ തെന്നപോലുള്ള കൗശലങ്ങളേതുമില്ലാതെ ,ശാന്തമായി തനിച്ചൊന്നുറങ്ങാൻ ... ,നിറഞ്ഞു കവിയുന്ന സമൃദ്ധിയിലും ശൂന്യമായ ഇടങ്ങളിലെവിടെയോ ഒന്നു നഷ്ടപ്പെടുത്താൻ.., സ്വയം ഒന്നും നഷ്ടപ്പെടാൻ ഉള്ളിൽ വെമ്പൽ തോന്നി അവൾക്ക് . ഒന്നിനുമാവാത്ത നിസ്സഹായതയിൽ ഒന്നുറക്കെ പൊട്ടിക്കരയാൻ അവൾ കൊതിച്ചു....

മഴ വീണ്ടും ചാറി തന്നെ നിന്നു .തറവാട്ട് വളപ്പിലെ കുളത്തിലിറങ്ങി ആതിര നീന്തിത്തുടിച്ചു . ഊളിയിട്ടു. വായിൽ വെള്ളം നിറച്ചു നീട്ടിത്തുപ്പി .പിന്നെ ആഴത്തിൽ മുങ്ങി കിടന്നു . കുളക്കടവിലിരുന്ന്കുട്ടികൾ എണ്ണാൻ തുടങ്ങി. ഒന്നേ ... രണ്ടേ... മൂന്നേ... ആ തിരുവാതിര മഴയിൽ മറ്റൊരു തിരുവാതിരയായി ആതിര.

കുട്ടികളെ വീട്ടിലാക്കി തിരിച്ചു വണ്ടിയോടിക്കുമ്പോൾ ആതിരയുടെ മനസ്സ് നിറഞ്ഞൊഴുകുന്ന ഒരു പുഴ പോലെ ശാന്തമായിരുന്നു. ഗേറ്റ് കിടക്കുമ്പോഴേ ലളിത ചേച്ചിയുടെ കടന്നൽകുത്തേറ്റ മാതിരിയുള്ള മുഖം കണ്ടു .തലവെട്ടിച്ച് നേരെ അകത്തേയ്ക്കോടുന്നതും... ഗിരിയേട്ടനെ വിളിച്ച റിയിക്കാനുള്ള അവരുടെ തിടുക്കം കണ്ടപ്പോൾ ചിരിവന്നു. കാറ് പോർച്ചിൽ കയറ്റി . ഗേറ്റ് വലിച്ചടച്ചു. മുകളിലേയ്ക്കുള്ളപടി കയറുമ്പോഴേക്കും ഫോൺ ബെല്ലടിച്ചു. റിസീവർ ചെവിയിൽ വെയ്ക്കുമ്പോൾ ഗിരിയേട്ടന്റെ അസ്വസ്ഥമായ മുഖം മനസ്സിൽ കണ്ടു. ‘ഒന്നും പറ്റിയിട്ടില്ല ഗിരിയേട്ടാ.., എനിക്കും കാറിനും..’ ഗിരിയേട്ടന്റെ സ്വരത്തിലെ അമ്പരപ്പും പേടിയും , കോഴിക്കോട്ടു നിന്ന് മടക്കയാത്രയാരംഭിച്ചുവെന്ന് വ്യക്തമായിരുന്നു. ഫോൺ തിരികെ വെച്ച് മുറിയിലെത്തിയതും അവളുടെ മൊബൈൽ ഫോൺ ശബ്ദിക്കാൻ തുടങ്ങി. അവസാനത്തെ റിങ്ങിൽ കോൾ കട്ടായതും അവൾ ഫോണെടുത്ത് പരിരോധിച്ചു..മൊത്തം മുപ്പത്തിരണ്ടു കോളുകൾ . ആരുടേതെന്ന് പരതാൻ പോയില്ല. ബാത്റൂമിന്റെ വാതിലടച്ചതും ഷവർ തുറന്നതും ഒരുമിച്ചായിരുന്നു. എത്ര സമയം അവിടെ ചെലവഴിച്ചുവെ ന്നറിയില്ല. മൊബൈൽ പിന്നെയും പലതവണ ശബ്ദിക്കുന്നുണ്ടായിരുന്നു ....

കുളികഴിഞ്ഞ് കണ്ണാടിക്കു മുന്നിൽ നിൽക്കുമ്പോൾ കണ്ണാടി ചില്ലിൽ അവൾ മറ്റൊരു ആതിരയെ കണ്ടു. ഒരു കിലുക്കാംപെട്ടി കണക്കെ പൊട്ടിച്ചിരിച്ച് നടന്നിരുന്ന ആ പഴയ ആതിരക്കുട്ടി. അച്ഛമ്മേടെ ആത്തൂസ് . അച്ഛന്റെ പുലിക്കുട്ടി. പുലർക്കാല മഞ്ഞിലൂടെ അച്ഛനോടൊപ്പമുള്ള സൈക്കിൾ യാത്രയിൽ അച്ഛനെ സ്ഥിരമായി തോൽപ്പിച്ചിരുന്നത് , കൂട്ടുകാരോടൊത്ത് അമ്പലക്കുളത്തിൽ നീന്തി കുളിച്ചത് , കവലയിലെ തിയ്യറ്ററിൽ സിനിമ കാണാൻ പോയത്... അവൾ തന്റെ പ്രതിബിംബത്തോട് ചിരിച്ചു. അവൾ അവളെ തന്നെ മറന്നു തുടങ്ങിയിരുന്നു. എല്ലാറ്റിനും ഒന്നാം സ്ഥാനക്കാരിയായിരുന്ന ആതിരയെ... ഒരു വനിതാ ദിനപരിപാടിയിൽ പങ്കെടുത്ത് തിരിച്ചു വരുമ്പോൾ താനും ഒരു വനിതയായിന്ന് സ്വയം മനസ്സിലാക്കിയത് , ഒരു മുതിർന്ന പെണ്ണിന്റെ സ്വപ്നങ്ങളിലേക്ക് അച്ഛമ്മയുടെ ആത്തൂസും വളർന്നു തുടങ്ങിയെന്ന് തിരിച്ചറിഞ്ഞത് , പിന്നെയീ ലോകത്തിനുമുന്നിൽ നെഞ്ചുയർത്തി താനൊരു പെണ്ണാണെന്ന അഹങ്കാരത്തോടെ ജീവിച്ചത്....

എല്ലാം പെട്ടന്നാണവസാനിച്ചത്. 'വിവാഹം' ഒരു പെണ്ണിന്റെ സ്വാതന്ത്ര്യത്തെ, സ്വപ്നങ്ങളെ ഇത്രമേൽ തല്ലിക്കെടുത്തുമെന്ന്, പുറത്തേക്കുള്ള വഴികൾക്കുമുന്നിൽ മറ്റാർക്കും കാണാനാവാത്ത ഇരുട്ടിന്റെ മറ തീർക്കുമെന്ന്..., അവളുടെ ശരീരത്തിന്റെ ചലനങ്ങളെപ്പോലും കടിഞ്ഞാണിടുമെന്നുമുള്ള ചിന്ത അവളുടെ ഉള്ളിൽ വിങ്ങിപ്പൊട്ടലുകളുണ്ടാക്കിയിരുന്നു... വീണ്ടും വീണ്ടും റിങ്ങ് ചെയ്ത് നിശബ്ദമാവാൻ തുടങ്ങിയ മൊബൈലിന്റെ ബട്ടണിൽ വിരലമർത്തി അവൾ ഗിരിയേട്ടന്റെ വാക്കുകൾക്ക് കാതോർത്തു...' എനിക്ക് ഒന്നും സംഭവിച്ചിട്ടില്ല ഗിരിയേട്ടാ...ഗിരിയേട്ടൻ വിചാരിക്കണ പോലെ...' പൂർത്തിയാക്കും മുമ്പേ വന്ന ഗിരിയേട്ടന്റെ മറുചോദ്യങ്ങൾക്ക്മുന്നിൽ അവൾ നിശബ്ദയായി . അവസാനം..' നോക്കൂ ഗിരിയേട്ടാ എന്റെ ഫോണിന്റെ ചാർജ്ജ് തീരാറായി'.. അതു പറഞ്ഞ് അവൾ തന്റെ മൊബൈൽ സ്വിച്ച് ഓഫ് ചെയ്തു.താൻ സ്വയം നഷ്ടപ്പെട്ടിട്ടില്ലെന്ന ബോധ്യത്തിൽ ജീവിക്കാൻ ചില വികൃതികളെ കൂടെ കൂട്ടാൻ മനസ്സിലുറപ്പിച്ച് ആതിര കട്ടിലിൽ വന്നു കിടന്നു... മഴ നനഞ്ഞതിന്റെ അസ്വാസ്ഥ്യങ്ങൾ ഓരോന്നായി അവളെ ബാധിക്കാൻ തുടങ്ങിയിരുന്നു... കുളിരുന്ന ശരീരത്തെ പുതപ്പിനുള്ളിലേക്ക് പൊതിഞ്ഞ് ഒരു നല്ല ഉറക്കത്തിലേക്ക് വഴുതി വീഴാനാഗ്രഹിച്ച് അവൾ തന്റെ ഇമകളെ ചേർത്തടച്ചു....??

●



# ഭ്രാന്ത് പൂക്കുമ്പോൾ

ഉണർന്ന വീടിന്റെ
ഉമ്മറക്കോലായിൽ കയറിയിരുന്നു വെയിൽ
വെയിലിനോടും, കാറ്റിനോടും
കുശലം പറയാൻ നേരമില്ല അയാൾക്ക്

അടുക്കളയിൽ
അകത്തളത്തിൽ
കടുകുപാത്രത്തിൽ
ഇടയ്ക്കൊന്നു വരാന്തയിൽ
തിരഞ്ഞ് തിരിച്ചു പോകുന്നു

പിന്നെയും പിന്നെയും
തട്ടിൽ പുറത്ത്
തിണ്ണയിൽ
കിണറ്റിൻകരയിൽ
അടുപ്പിൻ തിണ്ണയിൽ
തിരഞ്ഞു കൊണ്ടേയിരിക്കുന്നു

സഹികെട്ട കാറ്റ് വെയിലിനോട്
എന്തോ പറയുന്നതു കേട്ട്
അയാൾ, കോലായിലേക്കിറങ്ങി -
പറഞ്ഞു:
'എന്നെ ഞാൻ ഇന്നലെ രാത്രി
എവിടെയോ കൊണ്ടു വെച്ച്
മറന്നു പോയി !
ഒന്നു വന്ന് തിരയാൻ സഹായിക്ക് '



രാജു കാഞ്ഞിരങ്ങാട്

വെയിൽ വെളിയിലിറങ്ങി
കാറ്റിന്റെ കൈയും പിടിച്ച് വേഗം നടന്നു

# എന്നിട്ടും നീയെന്നെ അറിഞ്ഞില്ല!

ഈ ഊടുവഴിയിലുണ്ട്,
ഞാനിപ്പോഴും തനിച്ച്!
നെഞ്ചിൽ ഒരുവട്ടി
സങ്കടം നിറച്ച് !
കാണുന്നിടത്തെല്ലാം
നിന്റെ മുഖമുണ്ടെന്ന് നിനച്ച് ...
കണ്ടില്ല,
നീയെന്നിൽ നിറയെ
വേദന നിറച്ച് ..........

പറഞ്ഞില്ല നീ
പറയാമെന്ന കാര്യവും
അറിഞ്ഞില്ല നീയെൻ -
മനസ്സിന്റെ തേങ്ങലും
കണ്ടില്ല എന്റെയോരോ
നിമിഷങ്ങളും
അറിഞ്ഞില്ല നീയെന്റെ -
യോരോ ചലനവും....

സ്നേഹാക്ഷരത്തിന്റെ
പൂക്കൾ ഇറുത്തപ്പോ-
ളറിഞ്ഞില്ല നീയെന്റെ
മൗനത്തിൻ മിടിപ്പുകൾ
നിന്റെയോരോ നിമിഷങ്ങളും
ഈ ഊടുവഴിയിലിട്ട്
ഞാൻ മൂടി വെയ്ക്കുന്നു.
ഒരാൽബത്തിലെന്നപോലെ,
മറഞ്ഞു പോയൊ
ആ മധുര സ്മരണകൾ....






കയ്യുമ്മു കോട്ടപ്പടി

# അലകൾക്കു മീതെ





**അജിത രാജൻ**

'എടാ വിനോദേ ഇന്നലെയെങ്ങാനും പോസ്റ്റ്മാൻ വന്നോ...'

പണിക്കു പോകാൻ പുറപ്പെട്ട മീനാമ്മ അടുത്ത വീട്ടിലെ വിനോദിനോട് വിളിച്ചു ചോദിച്ചു.

' ഇല്ലല്ലോ അമ്മൂമ്മേ..."

മുറ്റത്ത് തന്റെ ബൈക്ക് കഴുകി കൊണ്ടിരുന്ന വിനോദ് തല ഉയർത്തി നോക്കാതെ തന്നെ മറുപടി പറഞ്ഞു.

ഉച്ചഭക്ഷണം കരുതിയിരുന്ന സഞ്ചി പടിക്കൽ വെച്ച് മീനാമ്മ വിനോദിന്റെ അടുത്തേയ്ക്ക് ചെന്നു.

'ദേവൻ ഡെൽഹിയിലേയ്ക്ക്പോയിട്ട് ഇന്നേയ്ക്ക് എഴുപത്തിരണ്ടു ദിവസായി.രണ്ട് കത്തല്ലെ ആകെ വന്നത്... നമ്മള് ഏഴ് കത്തയച്ചില്യേ? നിനക്കറിയാലോ.. നീ തന്നെയല്ലെ എഴുതാറ്...'

'അതെ... അമ്മൂമ്മ പറഞ്ഞു തരുന്ന പോലെ നമ്മളൊരുമിച്ചിരുന്നല്ലേ എഴുതാറുള്ളത് "

ദേവന്റെ അമ്മൂമയുടെ മുഖത്തു നോക്കാനുള്ള പ്രയാസം കൊണ്ടായിരിക്കണം തന്റെ ജോലിയിൽ തന്നെ ശ്രദ്ധിക്കുന്നു എന്ന ഭാവത്തോടെയാണ് അയാൾ പറഞ്ഞു കൊണ്ടിരുന്നത്.

ദേവന്റെ അമ്മ രജനി അവന് അഞ്ച് വയസ്സുള്ളപ്പോൾ മരിച്ചു പോയതാണ്.അതൊരു ആത്മഹത്യയായിരുന്നു. വളരെ പാവം പിടിച്ചൊരു സ്ത്രീയായിരുന്നു അവർ. സ്ത്രീധനം കിട്ടിയതു പോരെന്ന് പറഞ്ഞ് ഭർത്താവും വീട്ടുകാരും വഴക്കുണ്ടാക്കാറുണ്ട്. ഒരു ദിവസം അയാൾ രജനിയേയും മകൻ ദേവനേയും വീട്ടിൽ കൊണ്ടുവന്നാക്കി. അന്നു രാത്രി തന്നെ രജനി തൂങ്ങി മരിച്ചു!

'ആ കുട്ടിക്ക് അറിഞ്ഞൂടെ ഇവ്ടെ അമ്മൂമ്മ വെഷ്മിക്കും മറ്റാരും ഇല്യാന്ന്. ആഴ്ചതോറും രണ്ടുവരികത്ത് എഴുതിക്കൂടെ അവന്..."

'...ഞാനൊരൂട്ടം ചോദിക്ക്യാ... ദേഷ്യപ്പെടരുത് ട്ടോ..

നിങ്ങളിവിടെ ഒറ്റയ്ക്കല്ലേ... എന്തിനാ അവനെ ഡെൽഹിക്ക് വിട്ടത്... ഇപ്പോഴുള്ള സ്നേഹമൊന്നും മുമ്പ് കണ്ടിട്ടില്ല്യാലോ... അവനോട് നല്ല സ്നേഹത്തോടെ സംസാരിക്കണത് ഞാൻ കണ്ട്ടില്യാ..."

"എന്നു വെച്ച് പെറ്റ തള്ളേല്യാത്ത ന്റെ കുട്ട്യോട് സ്നേഹം ല്യാന്ന് വിചാരിച്ചോ നീയ്... കൂലിപ്പണിക്ക് പോയിട്ടായാലും അവന്റെ ഇഷ്ടം പോലെയെല്ലാം ഞാൻ പഠിപ്പിച്ചില്യേ... അധികം കൊഞ്ചിക്കാറില്യാന്ന് മാത്രം... അവന്റെ അമ്മ രജനി എനിക്ക് പഠിപ്പിച്ചു തന്ന പാഠാ അത്... അച്ഛനും ആങ്ങളേം ഒന്നൂല്യാത്ത എന്റെ സുന്ദരി മോളെ,കാ

ക്കേം പരുന്തും കൊണ്ടു പോവല്ലേന്ന് വിചാരിച്ച് ഞാൻ നെഞ്ചോട് ചേർത്ത് പിടിച്ചാ വളർത്തീത്... അതോണ്ടാ ജീവിതത്തിൽ ചെറിയൊരു പ്രശ്നം ഉണ്ടായപ്പോഴേയ്ക്കും അവൾക്ക് എന്നേം മോനേം വിട്ട് പോവാൻ തോന്നീത്... ഒന്നും നേരിടാനുള്ള കഴിവില്യാണ്ടാക്കീത്, ലാളിച്ച് വഷളാക്കീത് ഞാനാണെന്ന് പലരും എന്നെ കുറ്റ പ്പെടുത്തി. അതോണ്ടാ... ആ പേടിയ്യോണ്ടാ ഞാൻ...എന്റെ ദേവമോൻ നല്ല കരുത്തുള്ള മനസ്സോടെ ചീത്ത കൂട്ടുകെട്ടിലൊന്നും പെടാതെ വളരട്ടേന്ന് ഞാനാശിച്ചു. അല്ലാതെ വേറെ ആര്ക്ക് വേണ്ട്യാ ഞാനിങ്ങനെ ജീവിക്കണേ...' മീനാമ്മ പൊട്ടിക്കരഞ്ഞു പോയി...

ഒരു ജന്മം മുഴുവൻ എന്തെല്ലാം ദു:ഖങ്ങൾ ഹൃദയത്തിലടുക്കി ജീവിക്കയാണവർ. ആദ്യം ഭർത്താവ് പിന്നെ മകൾ... ഒറ്റപ്പെട്ടു പോയ സ്ത്രീ...ഈ പ്രായത്തിനിടയിൽ എന്തെന്തനുഭവങ്ങൾ...സാഹചര്യങ്ങൾ... എന്നിട്ടും ആരേയും ആശ്രയിക്കാതെ തന്റേടത്തോടെയുള്ള ജിവിതം... കാഴ്ചക്കാരിൽ .നിന്നും ഉള്ളിലെ ലാവാപ്രവാഹം മറച്ചു വയ്ക്കാൻ എടുത്തണിഞ്ഞ മുഖം മൂടിയാണ് ഈ പരുക്കൻ സ്വഭാവം!

'അയ്യോ! കരയല്ലേ അമ്മൂമ്മേ...ഞാൻ ചുമ്മാ...ച്ചേ... പോസ്റ്റ്മാൻ ലീവാണോന്ന് സംശയംണ്ട്.. നാല് ദിവസായിട്ട് കാണാറില്ല.ഞാൻ പോസ്റ്റ് ഓഫീസിലേയ്ക്കൊന്ന് പോയി നോക്കാം...'

വിനോദ് ദേവന്റെ അമ്മൂമ്മയുടെ കയ്യിൽ പിടിച്ചു കൊണ്ട് കുററബോധത്തോടെ പറഞ്ഞു.

ചുമലിൽ കിടന്ന മുണ്ടെടുത്ത് കണ്ണും മുഖവും അമർത്തി തുടയ്ക്കുന്നതിനിടയിൽ മീനാമ്മ സ്വന്തം മുഖം മൂടിയെടുത്ത് വീണ്ടുമണിഞ്ഞു

'നീയങ്ങ്ട് മാറിനിക്ക് ചെക്കാ... വീട്ടിലുള്ളോരൊക്കെ എവടെപ്പോയ്?'

അവർ തിരിച്ചു നടക്കുന്നതിനിടയിൽ ചോദിച്ചു.

'അമ്മ ബാലേട്ടന്റെ വീട്ടില് പാല് വാങ്ങാൻ പോയി'

'ങ്ഹാ... ഞാൻ പോണു'

ചെറുമകന്റെ കത്തു വരാതെ മനസ്സ് വല്ലാതെ ഉലഞ്ഞിട്ടുണ്ടെങ്കിലും മീനാമ്മയുടെ നിശ്ചയദാർഢ്യത്തോടെയുള്ള നടത്തം നോക്കി നിന്നപ്പോൾ, വിനയന്റെ മനസ്സ് പത്തുകൊല്ലം പുറകോട്ട് സഞ്ചരിച്ചു...

തനിക്കന്ന് പതിനാല് വയസ്സ് കാണുമായിരിക്കും പണിക്കു പോകുന്ന അമ്മൂമ്മയുടെ കൂടെ താനും ദേവനും സ്കൂളിലേയ്ക്കുള്ള യാത്രയിലായിരുന്നു.. ഗോപാലൻ ചേട്ടന്റെ ചായക്കടയുടെ അടുത്തെത്തിയപ്പോൾ,കുറച്ച് താന്തോന്നിത്തരങ്ങളുള്ള കേശൂന്റെ ചോദ്യം 'മീനമ്മോ... രാത്രി ഒററയ്ക്ക് കെടക്കാൻ പേടീണ്ടോ "അയാളെ കള്ള് നാറുന്നുണ്ടായിരുന്നു....

മീനാമ്മ സഞ്ചീന്ന് ഒരു കത്തിപുറത്തെടുത്തു...

മോനേ, കേശൂ... നെനക്ക് എന്തിന്റെ സൂക്കേടാ.. നീയിങ്ങട് വന്നേ.. ഇപ്പൊ തന്നെ ശരിയാക്കി തരാം...അന്റൊരു അന്വേഷണം"

ചായക്കടയിലുള്ളവരെല്ലാം പുറത്ത് വന്ന് എന്താ കാര്യമെന്നന്വേഷിച്ചു.

'അവനില്യേ... ആ കേശു അവനൊരു വാഴെലവെട്ടാറായിട്ട്ണ്ട്...'

'ഹാ ..മീനാമ്മോടാ കളി...പാവാ.. ഭർത്താവ് മരിച്ചതിൽപ്പിന്നെ എത്ര കഷ്ടപ്പെട്ടാ മോളെ വളർത്തി കെട്ടിച്ചയച്ചത്.അത് തൂങ്ങി മരിച്ചപ്പൊ ഇവര് ശരിക്കും തകർന്നു. ഒരു കുട്ടീന്യേം കൊടുത്തട്ടാണല്ലോ പോയത്. അഞ്ചോ പത്തോ ദിവസം നാട്ടുകാരന്വേഷിക്കുമായിരിക്കും... പിന്നെ എനിക്കാതെ പറ്റില്ല്യാലോ! "

ചായക്കടക്കാരൻ ഗോപാലേട്ടൻ കൂടെയുള്ളവരോട് ആത്മഗതം പോലെ പറയുന്നുണ്ട്.

വേഗത്തിൽ നടക്കുന്ന അമ്മൂമ്മയുടെ കൂടെയെത്താൻ കുറച്ച് ഓടേണ്ടി വന്നു. ഒപ്പമെത്തിയപ്പോൾ അമ്മൂമ്മയുടെ കണ്ണുകളിൽ നിന്നും ഒഴുകുന്ന കണ്ണുനീർ തോർത്തുമുണ്ടുകൊണ്ട് അമർത്തി തുടയ്ക്കുന്നുണ്ടായിരുന്നു...

ഈ പ്രായത്തിലും എന്തു മാത്രം കഷ്ടപ്പെടുന്നു അവർ... ഇപ്പോഴും മൂന്നു വീടുകളിൽ അടുക്കളപ്പണി ചെയ്യുന്നുണ്ട്. അതു കഴിഞ്ഞ് നഴ്സറിയിലേയ്ക്ക്.ദേവനോടു പോലും എപ്പോഴും ഒച്ചയെടുത്തു കൊണ്ടിരിക്കും അധികം സ്നേഹിച്ചാൽ കൈവിട്ടു പോകുമെന്നൊരു മതമാണ് മീനാമ്മയ്ക്ക്. ഏതോ കൂട്ടുകാരന്റെ സഹായത്തോടെ ഡെൽഹിയിലേയ്ക്ക് ജോലി അന്വേഷിച്ച് പോകാനുള്ള ദേവന്റെ ആഗ്രഹത്തെ ഒരു വാക്കു കൊണ്ടും തടഞ്ഞില്ല. എവിടെയായാലും ജീവിത മാർഗ്ഗം സ്വയം കണ്ടെത്തി നന്നായി വരട്ടെയെന്നാണ് മീനാമ്മ ആഗ്രഹിക്കുന്നത്. എന്തായാലും മറുപടി വന്നാലും ഇല്ലെങ്കിലും ദേവന്റെ വിശേഷങ്ങൾ അ

ന്വേഷിച്ചു കൊണ്ടുള്ള കത്തുകൾ എഴുതിച്ചു കൊണ്ടേ യിരിക്കും വരികൾ പറഞ്ഞു തരുമ്പോൾ പലപ്പോഴും തൊണ്ടയിടറാറുണ്ട്. എന്തെല്ലാം ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ് എഴുതിക്കുക!

എത്തിയ വിവരത്തിന് അമ്മൂമയ്ക്ക് ദേവനയച്ച കത്തു കൂടാതെ വന്ന കത്തിൽ കൂട്ടുകാരൻ ചെറിയ ജോലിയും താമസ സ്ഥലവും ശരിയാക്കി കൊടുത്തിട്ടുണ്ടെന്നുീ അമ്മൂമ്മ ഒന്നുകൊണ്ടും വെഷമിക്കരുത്... ശമ്പളം കിട്ടിയാൽ ഞാൻ അയച്ചു തരാം പിന്നെ അമ്മൂമ പണിക്കു പോകരുതെന്നും മറ്റുമുള്ള വിശേഷങ്ങൾ വായിച്ചു കേൾപ്പിച്ചപ്പോൾ, സന്തോഷാശ്രുക്കൾ മാറിൽ കിടക്കുന്ന മുണ്ടിൽ ഒപ്പിയെടുത്തു മീനാമ്മ...

അതിനു ശേഷം അയച്ച ഏഴു കത്തുകളിൽ മൂന്നെണ്ണം മടങ്ങി വന്ന് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. അമ്മൂമ്മയ്ക്കുള്ള കത്തുകൾ കിട്ടുന്നത് ഇവിടെയാകയാൽ അവരൊന്നും അറിഞ്ഞിട്ടില്ല.... ഒരു മറുപടി കത്ത് വരുമെന്ന പ്രതീക്ഷയിലാണ് തൽക്കാലം... നാളെ എന്തായാലും പോസ് റേറാഫീസിലൊന്നു പോകണം.

ഇതാ മടങ്ങി വന്ന മൂന്നു കത്തുകൾ കൂടി... കൂട്ടത്തിൽ മറ്റൊരു കത്ത്.. ഡെൽഹിയിലേയ്ക്കു കൊണ്ടുപോയ കൂട്ടുരന്റെ...

നിയന്ത്രിക്കാനാവാത്ത ഉദ്വേഗത്തോടെ കത്ത് പൊട്ടിച്ചു. വായിച്ചു.. 'ദേവൻ എന്റെ അടുത്തു നിന്നും താമസം മാറ്റിയിരുന്നു... ഇപ്പോൾ ഒരു വിവരവുമില്ല! ഇതാണ് കത്തിലെ ചുരുക്കം.

തന്റെ കൈകൾ വിറയ്ക്കുന്നുണ്ടല്ലോ... ദേവന്റെ അമ്മൂമ്മയോട് ഇതെങ്ങനെപ്പറയും...

വീട്ടിൽ വന്നു കയറിയ ഉടനെ വിനോദ് അമ്മയെ ഉമ്മറത്തേയ്ക്ക് വിളിച്ചു.

'അമ്മേ... അമ്മേ...'

'എന്താ മോനേ... എന്തെങ്കിലും വിവരങ്ങളറിഞ്ഞോ ?'

വിനോദിന്റെ അമ്മ ആകാംഷയോടെ ഉമ്മറത്തേയ്ക്ക് വന്നു.

' മടക്ക കത്തുകളുടെ കൂടെ ഇന്ന് മറ്റൊരു കത്ത്..അതിൽ

ദേവനെക്കുറിച്ച് ഒരു വിവരവുമില്ലെന്നാണ് പറഞ്ഞിട്ടുള്ളത്'

വിനോദിന് തന്റെ ശരീരം തളരുന്നതു പോലെ തോന്നി. പാവം ദേവനിതെന്തു പറ്റി? അതോ... അമ്മൂമ്മയെ അവൻ ഉപേക്ഷിച്ചോ? ഇതെങ്ങനെ പറയും?

'അയ്യോ.... ആ കുട്ടി എവിടെ പോയതായിരിക്കും? കാലം മഹാ പൊട്ടയാ... ഈശ്വരാ!' മീനാമ്മയ്ക്ക് ഇനിയുമൊരു ദുഃഖം കൂടി കൊടുക്കരുതേ...'

'അമ്മേ...അമ്മൂമ്മദാ വര്ണു എന്താ പറയാ...'

'മോനേ... ഇനീപ്പൊ എന്തിനാ മറച്ചുവെക്കുന്നേ... സാവകാശം എല്ലാം പറയാം... പാവം! കാക്കണേ ഈശ്വരാ...'

' അമ്മൂമ്മേ... ഭക്ഷണം കൊണ്ടു പോയിട്ട് ഉച്ചയ്ക്കു തന്നെ മടങ്ങീലോ. എന്തു പറ്റി?'

'മോനേ... വയ്യടാ... മനസ്സില് വല്ലാത്ത പെടപ്പ്... ഭക്ഷണൊന്നും എറങ്ങണില്യാ... വീട്ട് ജോലികള് കഴിഞ്ഞപ്പൊ ഞാനിങ്ങ് പോന്നു.പിന്നെ നേഴ്സറീല് പോയില്യാ... മുണ്ട് മാററിയിട്ട് പോസ്റ്റ് ഓഫീസ് വരെയൊന്നു പോണം"

'...ഞാൻ പോയിരുന്നു.അമ്മൂമ്മ വെഷമിക്കരുത്.. നമുക്ക് കൂടുതൽ അന്വേഷിക്കാം... അവനൊരു കൊഴപ്പോം ണ്ടാവില്യാ..."

വിനോദിന്റേയും അമ്മയുടേയും മുഖവും കണ്ണീരും എന്തൊക്കെയോ വിളിച്ചു പറയുന്നു ...

പുറത്ത് തുലാവർഷത്തിന്റെ ആരംഭത്തെക്കുറിച്ചു കൊണ്ടുള്ള ശക്തമായ ഇടിവെട്ടിന് മീനാമ്മയുടെ ഹൃദയത്തിലുണ്ടായ മുഴക്കത്തെ തോല്പിക്കാനായില്ല!

"എന്താടാ മോനേ... എന്നോട് പറയ്..."

മീനാമ്മ തന്റെ സഞ്ചി താഴെ വെച്ചു.

'ദേവന്, നമ്മളയച്ച കത്തുകളെല്ലാം മടങ്ങി വന്നിട്ടുണ്ട്. കത്തുകൾ വാങ്ങാൻ ആളവിടെയില്ല! ദേവൻ എവിടെയെന്ന് ഒര റിവുമില്ലത്രെ...!'

ഏതാനും നിമിഷം സ്തബ്ധയായി നിന്ന മീനാമ്മയുടെ ബോധമണ്ഡലത്തിൽ ഇരുൾ വ്യാപിച്ചു...

തളർന്നുവീഴാൻ തുടങ്ങിയ അമ്മൂമ്മ താഴെ വിഴാതെ

വിനോദ് താങ്ങി...

വിനോദിന്റെ അമ്മ മുഖത്തേക്ക് വെള്ളം കുടഞ്ഞപ്പോൾ അവർ എഴുന്നേറ്റിരുന്നു...

' അമ്മൂമ്മയെ കണ്ടു പഠിച്ചാണവൻ വളർന്നത്. തിരിച്ചുവരും... നിങ്ങളും പ്രയാസപ്പെടണ്ട...'

മീനാമ്മ തന്റെ സഞ്ചിയുമെടുത്ത് വീട്ടിലേക്ക് നടന്നു... ●



# ഉയർത്തി കെട്ടുന്ന വെളുത്ത പതാകകൾ...

ചിതറാൻ വെമ്പുന്ന ചാവേറുകൾക്കോ
കത്തിയതും ഇനി കത്തുന്നതുമായ
വെടിക്കോപ്പുകൾക്കോ ഒപ്പമല്ല,
കരിഞ്ഞ കളിപ്പാട്ടത്തിനും
ചോളം വിതയ്ക്കുന്നവന്റെ ഉപ്പിനും
വിഷം തിന്നു മരിച്ചുപോയ മരങ്ങൾക്കും ഒപ്പം.
ഘനീഭവിക്കുന്ന കണ്ണുകൾക്കും
ബങ്കറിനുള്ളിൽ റൊട്ടി ചുടുന്ന ഉമ്മയ്ക്കുമൊപ്പം.
ഇടുക്കിയിൽ പിന്നെയും കോടയിറങ്ങും.
തണുക്കുന്ന ആ കുട്ടിയ്ക്ക് കടുംകാപ്പി കൂട്ടാൻ
ഇനിയില്ലാത്ത സൗമ്യയ്ക്ക് ഒപ്പം.
'ആലീസേ പെൻഷൻ കാശ് മിച്ചം
പിടിക്കണംന്നാ തോന്നുന്നെ;
തങ്കശ്ശേരി വിളക്കു കാലിന്റെ പകുതീലും
കടലു കേറീത്രേ'!
മൂപ്പുള്ള മുക്കുവൻ അന്തോസിനൊപ്പം.
അവിടെ ഗാസ വേവുമ്പോഴും
ഇവിടെ കടലു കയറുമ്പോഴും
മരം മരിച്ചുപോയെന്ന പ്രയോഗത്തിലെ
തെറ്റു ചികയണ്ട.
നോക്കൂ;
അതിർത്തിയിൽ പട്ടം പറത്തുന്ന ചെറിയ ജൂതനെ
അപ്പും അവന് കാരക്കാപ്പഴം എറിഞ്ഞു
കൊടുക്കുന്ന മുഹമ്മദീയ്യ ബാലനെ.
യുദ്ധക്കറുപ്പില്ലെങ്കിലീ ഭൂമിയെത്ര സുന്ദരം.



നിധീഷ് മാലുമേൽ



ദീപ ദിനേശ്

# ജീവനായ്



ഏതോ വസന്ത തീരത്ത്
നിന്നെനിക്കേറെ
വൈകിയൊരു പൂവ് കിട്ടി

ചൂടിയില്ല മുടിയിൽ
ഞാനതിനെ
മാലയാക്കിയെൻ മാറിലേറ്റി

നീല മേഘങ്ങളിൽ
മിന്നിയോടും
തീ വരകൾ പോലത്
തിളങ്ങിയപ്പോൾ

ലോഹമാല്യങ്ങൾ
തോറ്റു മാറും
ചന്തമോടതെന്നിലലിഞ്ഞു
ചേർന്നു.

ആ സുഗന്ധമൊരപൂർവ്വ
രാഗമായെൻ
ശ്വാസവാഹിനികളേറ്റുവാങ്ങി

ജീവരക്തമതിനെ
ഊറ്റിയെൻ
കോശതന്തുക്കളിലാർത്തു പാടി

നീലവർണ്ണ ശലഭങ്ങൾ
പാറിയെൻ
സ്നേഹവീഥിയിൽ
തേൻ നിറയെ

ഏറെ നേരം കുളിര്
പെയ്തിട്ടേതോ
നിശയിലതടർന്നു വീണു.



# കല്യാണി



ശ്രീജ ശ്രീനിവാസൻ

കല്യാണി ഇപ്പോൾ എന്തുചെയ്യുകയായിരിക്കും? ഈ മഴയത്ത് അച്ഛനില്ലാത്ത വീട്ടിൽ തനിച്ച് ആലോചിച്ച് ഉറങ്ങാതെ കിടക്കുകയാവും. മഴ പെയ്യുന്നത് കല്യാണി നോക്കിനില്ക്കാറില്ല. പക്ഷേ, ഇറവെള്ളം വെള്ളിനൂലായി താഴെ വീണ് കുമിളകൾ സൃഷ്ടിക്കുന്നതും അതിനെയും വഹിച്ചുകൊണ്ട് മഴവെള്ളം കുറച്ചുദൂരം വരെ ഒഴുകിപ്പോകുന്നതും അവൾ നോക്കിയിരിക്കും. കണ്ണിൽ നിന്ന് മായുന്നതിനുമുമ്പ് അത് പൊട്ടിപ്പോകും. പൊട്ടാതെ ഒരു കുമിളയെങ്കിലും ദീർഘസഞ്ചാരം നടത്തണമേയെന്ന് കല്യാണി ആഗ്രഹിക്കും.

കല്യാണിയെ ഞങ്ങളെല്ലാവരും കല്യാണിയേച്ചിയെന്നു വിളിച്ചു. അവളെ മാത്രമേ ഞങ്ങളങ്ങനെ വിളിച്ചിരുന്നുള്ളു. അവൾ വീട്ടിലെ സ്ഥിരം സന്ദർശകയായിരുന്നു. നന്നായി പണിചെയ്യുന്നവളായിരുന്നു. അവൾക്കറിയാത്ത പണികളി

ല്ല. അവൾ അതുചെയ്യുന്നതും ഭക്ഷണം കഴിക്കുന്നതും കാണാൻ നല്ല രസമായിരുന്നു. ഒട്ടും രുചിയില്ലെന്നു പറഞ്ഞ് മാറ്റിവെച്ച ചോറും കറികളും, ഉച്ചയ്ക്ക് അവൾക്ക് അമ്മ ചോറുകൊടുക്കുമ്പോൾ ഞങ്ങൾ വീണ്ടും എടുത്തു കഴിക്കും. അപ്പോൾ അതിനെന്തൊരു രുചിയായിരുന്നെന്നോ !കല്യാണിയുടെ അടുത്തിരുന്ന് അവൾ കഴിക്കുന്നത് അനുകരിച്ച് കഴിക്കണം. അത്രയ്ക്കും ആസ്വദിച്ചാണ് കല്യാണി ഭക്ഷണം കഴിക്കുക. ചോറ് കല്യാണിയേച്ചിക്ക് കൊടുക്കുമ്പോൾ മതിയെന്ന് ഞങ്ങൾ ശാഠ്യം പിടിച്ചു.

കല്യാണിയുടെ താമസം കുറച്ചകലെ അവരുടെ കോളനിയിലായിരുന്നു. പക്ഷെ അവളെപ്പോഴും ഞങ്ങളോടൊപ്പമായിരുന്നു. കല്യാണിക്ക് അച്ഛൻ മാത്രമെ ഉണ്ടായിരുന്നുള്ളു. അവളെ ഒരമ്മ പ്രസവിച്ചതാണെന്ന് ആരും ഓർത്തിരുന്നില്ല. കല്യാണിയെ അവളുടെ അച്ഛൻ പ്രസവിച്ചാവാം എന്നു ഞങ്ങൾ കരുതി. കല്യാണി അച്ഛനുവേണ്ടി ജീവിച്ചു. അച്ഛൻ തിരിച്ചും. അല്പം പ്രായം കൂടിയെന്നു തോന്നിയപ്പോൾ അവൾ അച്ഛനെ ജോലിക്കുവിട്ടില്ല. അവൾ പണിചെയ്ത് വൈകുന്നരം ടൗണിൽ പോയി നിറയെ സാധനങ്ങളുമായി തിരിച്ചു വരും. അവളുടെ മുഖം നിറയെ എപ്പോഴും അളകങ്ങൾ പാറിക്കളിച്ചിരുന്നു. എത്ര ഒതുക്കിവെച്ചാലും അനുസരണയില്ലാതെ അവ പുറത്തെത്തും. അധികം നീളമില്ലാത്ത ചുരുണ്ട് കറുത്തുറ്റ അളകങ്ങളായിരുന്നു അവൾക്ക്.

കല്യാണി ഒരു വാഹനത്തിലും കയറിപ്പോകുന്നത് കണ്ടിട്ടില്ല. എപ്പോഴും നടത്തം. നടക്കുമ്പോൾ ചെരുപ്പുകൾ കാൽമടമ്പിൽ ഓരോ തവണ ചെന്ന് തട്ടുമ്പോഴും ഒരു ശബ്ദം കേൾക്കും. അത് കേൾപ്പിച്ചാണ് അവളുടെ നടത്തം. സാധനങ്ങൾ നിറഞ്ഞ സഞ്ചിയുടെ ഏറ്റവും മുകളിൽ എണ്ണനനവു പുറത്തേക്കു വന്ന ഒരു പൊതി സ്ഥിരം കാഴ്ചയായിരുന്നു. അതച്ഛനുള്ളതാണ്.

കല്യാണിയുടെ വീട് എറെ ഭംഗിയുള്ളതാണ്. ചാണകത്തിന്റെ കറുപ്പ് മുറ്റത്തോളമുണ്ടാകും. മുറ്റവും ഇറയവും ചുമരും വേർതിരിച്ചറിയാനാവാത്ത ചാണകക്കറുപ്പ്. കല്യാണിയുടെ അച്ഛനും വീടും ഒന്നുതന്നെ യായിരുന്നു. ഒന്നില്ലാതെ ഒന്നിനു നിലനില്പില്ലെന്നു തോന്നും.

കല്ലാണി കല്യാണം കഴിക്കാത്തതെന്തെന്ന് ആരും ചോദിച്ചില്ല. അവളും അതേക്കുറിച്ച് ആരോടും പരിഭവം പറഞ്ഞില്ല. വലിയ തിരയിളക്കങ്ങളില്ലാതെ ശാന്തമായി ആ നദി ഒഴുകിക്കൊണ്ടിരുന്നു.

ഒരിക്കൽ, ഇരുളടച്ചുപെയ്യുന്ന കർക്കടകമഴയിലൊന്നിൽ അച്ഛൻ നനഞ്ഞ മണ്ണിലേക്ക്, കത്തിയമർന്നിലിഞ്ഞില്ലാതായി. കല്യാണിയുടെ കണ്ണിൽ കർക്കടകം പിന്നെയൊഴിഞ്ഞുപോയതേയില്ല. പിന്നെ അവളെ ആരും കണ്ടില്ല. ജീവിച്ചിരിപ്പുണ്ടെന്ന് മാത്രമറിയാം. വിളിച്ചാൽ വീട്ടിനുള്ളിൽ നിന്ന് ശബ്ദം കേൾക്കാം. പുറത്തിറങ്ങി വരില്ല. മുഖം തരില്ല. കല്യാണിക്കിപ്പോൾ ശരീരമില്ലേ? അവൾ ആത്മാവും അച്ഛൻ ശരീരവുമായിരുന്നെന്ന് അന്ന് ഞങ്ങൾക്ക് തോന്നി. പിന്നീടെപ്പൊഴെ അധികം ആൾ സഞ്ചാരമില്ലാത്ത വഴികളിൽ നിഴൽ

പോലെ അവളെ കാണാറുണ്ടെന്നു കേട്ടു. കല്യാണിയെ മാത്രമെ ഞങ്ങൾ കല്യാണി യേച്ചിയെന്നു വിളിച്ചിരുന്നുള്ളൂ. ആർദ്രതയും ആത്മാർത്ഥതയും എല്ലാ വേലിക്കെട്ടുകളെയും തകർത്തുകളഞ്ഞു. വീണ്ടും മഴ തകർത്തു പെയ്യാനൊരുങ്ങുന്നു. കല്യാണിയേച്ചി ഇപ്പോൾ എന്തുചെയ്യുകയായിരിക്കും.?

കവിത



# കടവിലെ കടൽച്ചിന്തകൾ

രാജേഷ് മോൻജി

ഈ കടവിൽ ഞങ്ങൾ നോക്കി നിൽക്കുന്നു;
സായന്തനം കാച്ചിയ
ചുവന്ന തിരമാലകളാൽ പുൽകപ്പെട്ട്
കടത്തുവഞ്ചി
ഇങ്ങണയുന്നതും കാത്ത്.

ഇവിടമൊരു തുരുത്താണ്.
അതിനേക്കാൾ വലിയ കുഴികളും.
അനേകർ നടന്ന വഴികൾ
ആണ്ടറുതികളാവുന്നു.
ഉയർന്ന മുഷ്ടികൾ
തടിയുറപ്പുള്ള പനകളായി ആകാശം തൊടുന്നു.
അവരുടെ മുദ്രാവാക്യങ്ങൾ
കാറ്റിലണപൊട്ടുന്നു;
കാറ്റു പായുന്നു.

ഇന്നിവിടമൊരു തുരുത്താണ്.
കടലുഴുന്ന കലപ്പകൾ,
മണ്ണു പെയ്യുന്ന മേഘങ്ങൾ,
ചോര തുപ്പുന്ന കാറ്റ്.
ഓരോ നാവിലും
വേരറുക്കുവാനുള്ള ശൂലം.
അവർ പൂവിന്റെ അന്തി മാന്തുന്നു.
അവർ കൂരയുടെ കുരലു കുത്തുന്നു.
അവർ ചിന്തയുടെ ഗർഭമുടയ്ക്കുന്നു.
അവർ മുറ്റത്ത് വേലി കുത്തുന്നു.

ജനകന്റെ തൂലിക നിലത്തുകുത്തി
മുനയൊടിക്കുന്നൂ കാവ്യം.
പരന്ന ആകാശം
സ്വർണ്ണത്തളികയിലേറ്റുന്നൂ, നീതി.

കവിത മഴയിൽ
ചരിത്രം തിരഞ്ഞ്,
ഉൾക്കാമ്പിൽ നിന്നഗ്നി തൊടുത്തു.
ഇപ്പോൾ തെരുവു കത്തുന്നതേക്കാൾ വേഗത്തിൽ
ഉള്ളു കത്തുന്നു.
കലമുടയുന്നതേക്കാൾ വേഗത്തിൽ
കനവുടയ്ക്കുന്നു.

ഒരു സൂര്യനും പൂവായി പിറക്കുന്നില്ല.
ഒരു താരവും കണ്ണുചിമ്മിത്തണുക്കുന്നില്ല.
ചുറ്റും തീ കത്തിയിട്ടും
അറ്റുപോകാത്ത ഇരുട്ട്.

കൊയ്ത്തുപാടങ്ങളിലെ
കണ്ണീർച്ചാലുകൾ
എട്ടുമാളുകളിലേക്ക് കുതിച്ചൊഴുകുന്നതിന്റെ
സൂചികയിൽ
വിഭ്രമിക്കുന്ന,
കളവു കലയാക്കുന്ന കാലം.

ചെരുപ്പുകുത്തിയുടെ
വിശപ്പിനുള്ളിൽ നുഴഞ്ഞുകയറി
അവന്റെ കാല് പണയപ്പെടുത്തി
പുറം മിനുക്കുന്നു.

അമ്മയുടെ മാറ് ചുരന്നൊഴുകുന്നു,
നാവരിഞ്ഞെടുക്കപ്പെട്ട
പെൺകുഞ്ഞുങ്ങളുടെ ചോര.

ആരും കാണാത്ത സ്വർണ്ണഖനികളിലേക്ക്
ആരും കാണാതിറങ്ങുന്ന ഗന്ധർവന്മാർ,
അപ്സരസ്സുകൾ.
ചിലർ കൈപിടിച്ച്,
ചിലർ കണ്ടം ചാടി
ചിലർ കുന്തം പേറി.
അവരുടെ ദംഷ്ട്രകൾ
മനുഷ്യമാംസം കൊതിക്കുന്നു.

ഇനിയും വയ്യാ!
ഇത്തുരുത്ത് ഓർമയാകും മുമ്പ്
സായന്തനം കാച്ചിയ
ചുവന്ന തിരമാലകളാൽ ചുറ്റപ്പെട്ട്
കടത്തുവഞ്ചിയണയുന്നതും
കാത്തു കാത്ത്...!



# ചെരുപ്പ്



ദിവ്യ എച്ച്.

ചെളി പുരണ്ട കറുത്ത സത്യങ്ങളിൽ നിന്നും
നിന്റെ വെളുത്ത നഗ്നതയെ
എന്നും പൊതിഞ്ഞു പിടിച്ചു

പാപത്തിന്റെ മുൾക്കാടുകളിൽ
നിനക്കു മുന്നേ സഹനത്തിന്റെ
ചോരപ്പുഴയൊഴുക്കി...

മുറി കൂടില്ലെന്നറിഞ്ഞിട്ടും പൊട്ടിയ
ഉടൽത്തുണ്ടുകളെ ചേർത്തു പിടിച്ച്
ഒപ്പം കുതിച്ചു...

വെളിപാടുകളുടെ തിരിച്ചിറക്കങ്ങളിൽ
ഗതിവേഗമൊതുക്കി സമവായപ്പെട്ടു

വറുതിയുടെ പൊരിവേനൽ കടന്നപ്പോൾ
അകം പുറമറിയാതെ വിയർപ്പിൻ
തണുപ്പിനെ ചുരത്തി

ഉടൽഭൂപടത്തിലെ അലേഖനങ്ങളിൽ
പതിഞ്ഞു പോയൊരു കാൽപ്പാട്
സ്നേഹത്തിന്റെ അടയാളപ്പെടുത്തലെന്ന്
വെറുതെ വിശ്വസിച്ചു !

തുടക്കത്തിലേക്കുള്ള മടക്കമെന്ന് ഓരോ
യാത്രയിലും സാക്ഷ്യപ്പെടുത്തിയിട്ടും
കാഴ്ചകളുടെ നിറപ്പെരുക്കത്തിൽ
നിഴൽചിത്രങ്ങളായ് മായ്ക്കപ്പെട്ടു

ഇരുണ്ട രഹസ്യങ്ങളുടെ
ഉള്ളാഴങ്ങളിലേക്കിറങ്ങിയപ്പോൾ
നിശബ്ദമായ ചുവടുകൾക്കൊപ്പം
നെഞ്ചിടിപ്പുകളെയടക്കി
മൗനപ്പെട്ടു !

എന്നിട്ടും പടിക്കെട്ടുകൾക്ക് കീഴെ
ബഹിഷ്കരിക്കപ്പെട്ടവന്റെ
മുദ്രപ്പെടുത്തലുകളിൽ തട്ടി
തല കുനിച്ചു നിൽക്കാനായിരുന്നു വിധി !



# പേരില്ലാത്തവൻ.





വിനോദ്.വി.ദേവ്.

പ്രണയകവിതകളുടെ
ഒരു പുസ്തകത്തിലും
ഞാൻ അടയാളപ്പെട്ടിട്ടില്ല.
പ്രണയത്തെ തേടിപ്പാഞ്ഞ്
നടന്ന കൗമാരങ്ങളിൽ ,
ചതിത്തീയ്യുവീണു
ആത്മാവിന് പൊള്ളലേറ്റവൻ
എങ്ങനെയാണ്
വിശുദ്ധിയുടെ വേദപുസ്തകങ്ങളിൽ
കയറിപ്പറ്റുക.,
എങ്ങനെയാണ്
പ്രണയിക്കപ്പെട്ടവർക്കൊപ്പം നിൽക്കുക.,
ബലിക്കല്ലിൽനിന്ന് ബലിക്കല്ലിലേക്ക്
എടുത്തെറിയപ്പെട്ടവന്റെ
പേനയിലെവിടെയാണ്
വസന്തം വിരുന്നുവരുക.
സ്നേഹത്തിന്റെ
കഥകളിലൊന്നും
എന്റെ മുഖംനിങ്ങൾ കാണുകയില്ല.
കവി പാടിയ സ്നേഹസഞ്ചാരഗീതങ്ങളുടെ
ലിപികൾ
എനിക്കെന്നുമജ്ഞാതമാണ്.
അഭിശപ്തമായ
പെരുമഴക്കാലത്ത്
ഇരുകണ്ണും ഇടിവെട്ടിത്തകർന്നുപോയവൻ
സ്നേഹത്തിന്റെ
സുവിശേഷം എങ്ങനെ വായിക്കും.?
സ്നേഹമെരിയുന്ന
ഒരു മെഴുതിരി എങ്ങനെ കൊളുത്തിവെക്കും.?

പ്രണയഗീതകങ്ങളുടെ
ഒരു പുസ്തകത്തിലും
എന്റെ പേര് കാണില്ല.
വിലാസവും ജന്മനക്ഷത്രവും
കാണില്ല.
ഹസ്തരേഖയിൽ
ഒളിഞ്ഞുകിടക്കുന്നത്
പാപജന്മത്തിന്റെ
തണുത്തകാറ്റാണ്.
അജ്ഞാതമായ
ഇരുണ്ട വൻകരകളാണ്.
നിർഭാഗ്യങ്ങളുടെ
കുരുക്കുകയറാണ്.

വെറുതെ വിടുക !
തണലില്ലാത്തതുകൊണ്ട്
ഈ വെയിലിൽ
ഇത്തിരിയിരുന്നോട്ടെ !



# ഇരട്ടത്തലയൻ

**മൊ**ബൈൽ സ്ക്രീനിലെ കറങ്ങിക്കൊണ്ടിരുന്ന നീല വൃത്തം സാഷയുടെ കണ്ണുകളിൽ ചുവപ്പു പടർത്തി.

മുറ്റത്ത് പല നിറത്തിലും വലുപ്പത്തിലുള്ള ഇരട്ടത്തലയൻ പാമ്പുകൾ ഇഴയുന്നുവെന്ന് അവൾ ഭയന്നു.കിതപ്പേറിയ നെഞ്ചിൽ നിന്നും നിശ്വാസങ്ങൾ നിറം കെട്ട വൃത്തങ്ങളായി.

തണുത്തു മരവിച്ച കൈകളാൽ സാഷ അടിവയറിനെ അമർത്തി തിരുമ്മി.

മാംസ പിണ്ഡത്തെ പ്രസവിച്ച ഗന്ധാരിയുടെ കണ്ണിലെ ചോരപ്പുഴ, ചാലുകൾ നികന്ന് പ്രളയമായത് അവളുടെ കൺമുന്നിൽ വച്ചാണ്.

കരച്ചിലിന്റെ നേർത്ത കഷ്ണങ്ങൾ നിശ്വാസങ്ങൾക്ക് പിന്നാലെ ഇടയ്ക്കിടെ തെറിച്ചു വീണു. സാഷയുടെ ചിന്തയിൽ എപ്പോഴും വിനുവിന്റെ സെമെൻ അനാലിസിസിന്റെ റിപ്പോർട്ടിൽ നിന്ന് നിലത്തേക്ക് നീന്തിയിറങ്ങിയ ഇരട്ടത്തലയുള്ള ബീജങ്ങളാണ്. അത് അവളെ കാട്ടി സയാമീസ് ഇരട്ടകളെക്കുറിച്ച് ക്ലാസ്സെടുത്തത് ഇൻഫെർട്ടിലിറ്റി ഹോസ്പിറ്റലിലെ മെലിഞ്ഞുണങ്ങിയ വയസ്സൻ ഡോക്ടറായിരുന്നു.

അന്നു മുതൽ ഇരട്ടത്തലയൻ പാമ്പുകൾ അവളുടെ സ്വപ്നങ്ങളിൽ നിലവിളികളായി.മുരണ്ടു കൊണ്ട്,ഒരു കരിവണ്ട് അവളുടെ ഗർഭ അറയെ തുരന്നു തുടങ്ങി.

അടിവയറ്റിൽ അസഹ്യമായ വേദനയോടൊപ്പം സാഷയുടെ വെളുത്ത വസ്ത്രത്തിൽ ചുവപ്പ് തീർത്ത വൃത്തം വലുതായിക്കൊണ്ടിരുന്നു. അതേ സമയം,നീല വളയം സ്ക്രീനിൽ നിന്ന് മായുകയും ഒരു സ്കാനിംഗ് റിപ്പോർട്ട് തെളികയും ചെയ്തു.

ഇരട്ടത്തലയൻ ശിശുവിന്റെ ഭ്രൂണം മൊബൈൽ സ്ക്രീനിൽ നിന്നിറങ്ങി വൃത്താകാരം പൂണ്ട് മുറ്റം കടക്കുന്നത് സ്വബോധത്തിന്റെ അവസാന തുള്ളി കണ്ണിൽ നിന്ന് മറയുന്നതിന് മുൻപ് സാഷ കണ്ടു.

നീലയും ചുവപ്പും വളയങ്ങൾ അവൾക്ക് ചുറ്റും വലം വച്ചു. വക്കീലിന് മുന്നിൽ


ഡിവോഴ്സിന് ഒപ്പിട്ടപ്പോൾ കുന്നിൻ ചെരുവിലെ ഭ്രാന്താശുപത്രിയെ വിനു മറവിയുടെ വേസ്റ്റ് ബിന്നിലേക്ക് കുടഞ്ഞിടാൻ ശ്രമിച്ചു. ജീവിതം വെറുമൊരു പൂജ്യമായെന്നോ

ഇനിയൊരിക്കലും വൃത്തങ്ങൾ സംഗമിക്കില്ലെന്നോ സാഷ അറിഞ്ഞതേയില്ല.



ഡോ. ശാലിനി സി.കെ.

# നഗരപുരാണം



മാനം നഷ്ടപ്പെട്ടവളുടെ മുറവിളി
ഗ്രാമത്തിലെ കാട്ടുപൊന്തയിൽ നിന്നുയർന്ന്
ചൂടും,ചൂരും പതയുന്ന
കാളവണ്ടിക്കൂട്ടങ്ങളിലൂടെ ഒഴുകി
കാവും,മലയും പിന്നിട്ട്
നഗരത്തിന്റെ പൊടിപടലങ്ങളിലെത്തുന്നു.

അവളുടെ കണ്ണുനീരിന്റെ വിരവട്ടങ്ങളിൽ കണ്ണുനട്ട്
നഗരത്തിന്റെ ഇരുണ്ട മൂലകളിൽ നിന്ന്
പിടക്കോഴിക്കൂട്ടങ്ങൾ നഗരമധ്യത്തിലെത്തി
ചിലച്ചു തുടങ്ങുന്നു.
ചുണ്ടിൽ ചായം തേച്ചവർ.
പണ്ടസമൃദ്ധിയാൽ ശരീരം തൂങ്ങുന്നവർ.
വർണ്ണാഭമായ കുപ്പായം പുതച്ചവർ.
ആരോ കെട്ടിയൊരുക്കിയ പന്തലുകൾക്ക്
മുകളിൽ നിന്ന് അവർ നഗരത്തെ കൂവിയുണർത്തുന്നു.

നഗരം ഉണരുമ്പോൾ അവർ നഗ്നയുടെ
മുറിവുകൾ ചൂണ്ടി കണ്ണീരൊഴുക്കുന്നു.
നഗ്ന- മെലിഞ്ഞ പുഴയായവൾ,
ശ്യാമവർണ്ണമാർന്നവൾ,
ചിറകറ്റ് മണ്ണിൽ പതിച്ചവൾ.
പിടക്കോഴികളുടെ അനുകമ്പ നിറഞ്ഞ
മുഖങ്ങളിലേക്കുറ്റു നോക്കുന്നു.

പുതിയ ഉദയവും,തീവ്രതയുടെ മധ്യാഹ്നവും
പിന്നിട്ട് തളർച്ചയുടെ സായാഹ്നമെത്തുമ്പോൾ
ഉച്ചഭാഷണത്താൽ തളർന്ന്
പിടക്കോഴികൾ ഇരുട്ടിലേക്ക് മടങ്ങുന്നു.

മാനം നഷ്ടപ്പെട്ടവൾ ശൂന്യാകാശത്തിലേക്ക്
നോക്കി ഇരിപ്പ് തുടർന്നു.
ശബ്ദങ്ങളില്ലാത്ത,വിരസമായ
അന്തരീക്ഷം അവൾക്ക് ചുറ്റും നീറിപ്പടർന്നു.



സോണിവർഗീസ് വാരനാട്

ഇസ്തിരി ചുളിയാത്ത
ഉടയാടകൾക്കടിയിൽ
ഉടലോട് ചേർത്തണിഞ്ഞ്
ഒളിപ്പിച്ചു വെച്ചൊരു
രണ്ടാം വസ്ത്രമായിരുന്നില്ല
ഇന്നലെകളിലെ
മോഷ്ടാവിൻ വേഷം..
കള്ളനെന്ന്
നെറ്റിയിൽ
നേര് കുറിച്ചിട്ട
നിഷ്കളങ്കർ..
മുറിഞ്ഞു പോയിയാ
കള്ളന്മാരുടെ
കണ്ണിയിന്ന്..
പിൻവാതിൽ നിയമനം
സംവരണ അട്ടിമറി
മെറിറ്റ് സീറ്റുകളുടെ
വെട്ടിച്ചുരുക്കൽ
പിന്നാക്കക്കാരുടെത്
മുന്നാക്കക്കാർക്ക്
തീറെഴുതിക്കൊടുക്കൽ
എല്ലാം കൂടി
കുലത്തൊഴിൽ പോയി
ആത്മഹത്യാ മുനമ്പിലാണ്
പരമ്പരാഗത
കള്ളന്മാർ..
അടിസ്ഥാന യോഗ്യതയിലും
തിരിമറി..
പകൽ മാന്യത
തെളിവു നശിപ്പിക്കാനുള്ള
കഴിവ്
പിടിക്കപ്പെട്ടാലും
ചിരിമായാത്ത മുഖവുമായ്
കൈവീശി കാണിക്കാനുള്ള
കരളുറപ്പ്..
ഫലമോ
പുരപ്പുറത്ത്
വലിഞ്ഞു കേറാനാവാത്തവർ
പറങ്കിപ്പൂട്ട് പോലും
പൊളിക്കുവാനറിയാത്തവർ
സ്വയം രക്ഷയ്ക്ക്
പീച്ചാം കത്തി
പോരാത്തവർ..
ഇവരൊക്കെയായി
ഒന്നാന്തരം കള്ളന്മാർ..
കിട്ടാക്കനിയാണിന്ന്
കളവിനിടയിലും
നേരോടെ നിവർന്നു നിൽക്കുന്ന
ആത്മാർത്ഥതയുള്ള
ലക്ഷണമൊത്തൊരു
നാടൻ കള്ളൻ..

# കള്ളൻ





സെയ്തലവി വിളയൂർ



# അസ്വസ്ഥതയുടെ പെരുമ്പറ മുഴക്കം

എന്റെ അസ്വസ്തതകൾ
എന്റേതു മാത്രമല്ല ,
പലമുഖങ്ങളുടേതുമാണ്.
ചലനം നിൽക്കുന്നതുവരെ
ഇതു തുടരും
ജീവിതപ്പാതയിലൂടെ ഉരുണ്ടുനീങ്ങുമ്പോ
ഴൊക്കെയും
കാഴ്ചയിൽ തടയുന്ന
മുള്ളുകളൊക്കെതന്നെ
അസ്വസ്തതയുടെ
പെരുമ്പറ മുഴക്കങ്ങളാണ്

അസ്വസ്തതയെന്നത്
ഒരുതരം കരളുപിളർക്കലാണ്
മുറിവേറ്റ പക്ഷിയുടെ രോദനം ,
തിളച്ചുരുകുന്ന വെയിലിൽ
കരിഞ്ഞുണങ്ങിയ വൃക്ഷത്തിൻറെ ഇലകൾ
,
ഇതളുകൾ കൊഴിഞ്ഞ ഒരു പൂവ് ,
സഞ്ചാരവീഥികളിലെ
നടുക്കുന്ന കദനകാഴ്ചകൾ
നിണമൊഴുക്കുന്ന യുദ്ധങ്ങൾ
കപടമുഖങ്ങളുടെ പുഞ്ചിരികൾ
അവഗണനയേറ്റവരുടെ മുറിപ്പാടുകൾ
വലയിൽ പിടയുന്ന മീനുകൾ
ഒട്ടിയവയറിലെ വിശപ്പിൻറെ പിടച്ചിൽ
അങ്ങിനെയങ്ങിനെയൊക്കെ
നുള്ളിനോവിക്കുന്നു
ഹൃദയഭിത്തിയിൽ കോറിവരയ്ക്കുന്നു
അപ്പോൾ പിന്നെ
അസ്വസ്തതയെന്നത്
കരളുപിളർക്കലുതന്നെ.



കൃഷ്ണകുമാർ
മാപ്രാണം



# പ്രസവാവധി

"**കു**ട്ടികളായില്ല്യാ... ല്ലേ," കഴിഞ്ഞ പത്തുവർഷമായി പതിവായി കേൾക്കുന്ന ചോദ്യം അയാളിൽ ഒട്ടുംതന്നെ അലോസരം ഉണ്ടാക്കാറില്ല. കാരണം ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ചോദിക്കുന്ന ചോദ്യങ്ങളിൽ ഒന്നു മാത്രമായിട്ടാണ് അയാൾ അതിനെ കണ്ടിരുന്നത്. പണ്ട് ബിരുദവും ബി.എഡും കഴിഞ്ഞപ്പോൾ 'ജോലി ഒന്നും ആയില്ല്യാ... ല്ലേ?' എന്ന ചോദിച്ചിരുന്നവർ ട്യൂട്ടോറിയൽ കോളേജിൽ ക്ലാസെടുക്കാൻ പോയപ്പോൾ, "സ്ഥിരം ജോലി ആലില്ല്യേ... ല്ലേ' എന്നും സ്കൂളിൽ ജോലി ലഭിച്ചപ്പോൾ "കല്ല്യാണം ആയില്ല്യാല്ലേ..." എന്നും ചോദിച്ചിരുന്നത് അയാളുടെ ഓർമ്മയിലുണ്ടായിരുന്നു.



പോളി കെ.പി.

സഹഅധ്യാപകരുടെ അഭിപ്രായം കണക്കിലെടുത്തു തന്നെയായിരുന്ന ഒരു അധ്യാപികയെ ഭാര്യയെ സ്വീകരിച്ചത്. ഭാര്യയും ഭർത്താവും അധ്യാപകരായാലുള്ള ഗുണങ്ങൾ, വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതുപോലെ അവർ, അയാൾക്ക് വിശദീകരിച്ച് കൊടുത്തിരുന്നു.

കല്ല്യാണം കഴിഞ്ഞ് ഉടനെതന്നെ കുട്ടികളുണ്ടാകുക, ഒരു മോശം കാര്യമാണെന്ന് തോന്നിയതിനാൽ മൂന്ന് നാ

ല് വർഷം അതിനെക്കുറിച്ചവർ ചിന്തിച്ചതേയില്ല. എന്നാൽ അതിനുശേഷം എല്ലാ വർഷവും ഏപ്രിൽ ഫൂൾ കഴിഞ്ഞാൽ കുട്ടികൾക്കായുള്ള ചികിത്സകളെക്കുറിച്ച് ആലോചിക്കാൻ തുടങ്ങും. ഏപ്രിൽ ഒന്ന് അവളുടെ ജന്മദിനം ആണെന്നുള്ളതിനുപരി പിന്നിടുന്ന ഓരോ വയസ്സും കുട്ടികളുണ്ടാകാനുള്ള സാധ്യത കുറയ്ക്കുകയാണെന്നുള്ള ഓർമ്മപ്പെടുത്തുന്ന ദിവസവും കൂടിയായിരുന്നു അത്. ഒന്നോ രണ്ടോ മാസത്തെ ചികിത്സയും മരുന്നുംകൊണ്ട് അത് അവസാനിക്കുകയാണ് പതിവ്. സഹ അധ്യാപകർ പ്രസവാവധിയിൽ പോകുന്നത് അല്പം അസൂയയോടെയാണവർ നോക്കികണ്ടിരുന്നത്.

പത്താംക്ലാസ്സ് പരീക്ഷ ഡ്യൂട്ടിക്ക് പോയപ്പോൾ പരിചയപ്പെട്ട ടീച്ചറാണ് പട്ടണത്തിലെ പ്രസിദ്ധമായ ലേഡി ഡോക്ടറുടെ കാര്യം അവളോട് പറഞ്ഞത്. ടീച്ചറുടെ ഉപദേശപ്രകാരം വേനലവധിയിലെ ഒരു ദിവസം അതിരാവിലെ ആദ്യബസ്സിൽ അവർ പട്ടണത്തിലേക്ക് പുറപ്പെട്ടു. പട്ടണത്തിലെ പ്രധാന കവലയിൽനിന്ന് ഓട്ടോറിക്ഷയിൽ ഇരുപതു രൂപാ ദൂരം സഞ്ചരിച്ച് ആ വലിയ വീട്ടിലെത്തി. വീടിന്റെ വശത്തുള്ള ചെറിയ ഗേറ്റിലെ സെക്യൂരിറ്റിക്കാരന്റെ കൈയിൽനിന്ന് പേരു പറഞ്ഞ് നമ്പർ എഴുതിയ കാർഡ് വാങ്ങി. പിന്നെ അടുത്തുള്ള ഹോട്ടലിൽ കയറി ചായയും വടയും കഴിച്ച് തിരിച്ചെത്തി. ഇരുപതു മിനിട്ടിനകം നമ്പർ വിളിച്ചു. പേര്, വയസ്സ് തുടങ്ങി ചില ചോദ്യങ്ങൽക്ക് ശേഷം മുറിയിൽതന്നെ ഇളം നീലതുണികൊണ്ട് മറച്ച സ്ഥലത്ത് പരിശോധന. രണ്ടു പേർക്കും ടെസ്റ്റുകളും മരുന്നുകളും. ഇനി പരിശോധനയ്ക്ക് വരേണ്ട ദിവസം കൃത്യമായി പറഞ്ഞുകൊടുത്തു. ഇടയ്ക്ക് ടീച്ചറുടെ ഒരു സംശയവും വരേണ്ട ദിവസം കൃത്യമായി പറഞ്ഞുകൊടുത്തു. ഇടയ്ക്ക് ടീച്ചറുടെ ഒരു സംശയവും ഡോക്ടറുടെ മറുപടിയും.

'ഞങ്ങൾക്ക് കുട്ടികളുണ്ടാകില്ലേ... ഡോക്ടർ?'

'ഇപ്പോൾ അതൊരു പ്രശ്നമേയല്ല. സാങ്കേതികത അത്രകണ്ട് വളർന്ന് കഴിഞ്ഞു. ഒരു വഴിയല്ലെങ്കിൽ വേറൊരു വഴി എപ്പോഴും നമുക്കു മുമ്പിൽ ഉണ്ടായിരിക്കും.'

കൃത്യമായ ദിവസങ്ങളിലെ പരിശോധനകളും ടെസ്റ്റുകളുമായി രണ്ട് മാസം കഴിഞ്ഞുപോയി. സ്കൂൾ തുറന്നതിനുശേഷമുള്ള പതിവ് പരിശോധനയിൽ ഒരു ടെസ്റ്റ് നടത്തി റിസൾട്ട് കാണിക്കാൻ ഡോക്ടർ ആവശ്യപ്പെട്ടു. റിസൾട്ട് കണ്ട ഡോക്ടർ സന്തോഷത്തോടെ പറഞ്ഞു,

"കൺഗ്രാജുലേഷൻസ്... നിങ്ങൾ പ്രഗ്നന്റാണ്. മിക്കവാറും അടുത്തവർഷം മാർച്ച് 29നാകും ഡേറ്റ്. പിന്നെ ഒരു സ്കാനിംഗ് കൂടി വേണം.'

സന്തോഷത്തിന്റേയും അദ്ഭുതത്തിന്റേയും അഞ്ചാറു സെക്കന്റുകൾക്കുശേഷം അവൾ ചോദിച്ചു.

'ഡോക്ടർ... കഴിയുമെങ്കിൽ പ്രസവം മെയ് 29ലേക്കാ മാറ്റാൻ പറ്റുമോ?"

"അത് എന്തിനാണ്?" കുറിപ്പടിയിൽ എഴുതികൊണ്ടിരുന്ന ഡോക്ടർ എഴുത്ത് നിർത്തി കണ്ണടക്ക് മുകളിലൂടെ നോക്കി.

"ഏപ്രിലും മെയും വെക്കേഷനാണ്. മാർച്ച് അവസാനം പ്രസവം ആയാൽ പ്രസവാവധിയിലെ രണ്ട് മാസം വെക്കേഷനിൽ പോകും. രണ്ട് മാസം നഷ്ടാവും."

"നിങ്ങൾ എവിടെയാണ് ജോലി ചെയ്യുന്നത്?"

"സ്കൂൾ ടീച്ചറാണ്."

"സബ്ജക്റ്റ്?"

"ബയോളജി"

ഒരു ചെറുപുഞ്ചിരിയോടെ കുറിപ്പടി കൊടുത്ത് അടുത്ത രോഗിക്കായി വാതിൽക്കലിലേക്ക് നോക്കി.

പിന്നീട് മാർച്ച് 23 ചൊവ്വാഴ്ച വൈകീട്ട് രാജ്യത്തെ എല്ലാ മാധ്യമങ്ങളും ആ വാർത്ത റിപ്പോർട്ട് ചെയ്തു. മാർച്ച് 24 മുതൽ മൂന്നാഴ്ച ലോക്ഡൗൺ. നിങ്ങൾ എവിടെയായിരിക്കുന്നുവോ അവിടെയായിരിക്കുക...." അതിനുശേഷം ഈ കഥ എഴുതി തീരുവോളം സ്കൂളുകൾ തുറന്നീട്ടില്ല. ●





മുർശിദ് ബത്തേരി

# വൈറസ് പാഠങ്ങൾ

ഒരു കുഞ്ഞൻ വൈറസ്
പഠിപ്പിച്ചു നമ്മെയൊത്തിരി കാര്യങ്ങൾ.
പറവകളും മരങ്ങളും പ്രണയത്തിലാണെന്ന്.
വെയിലും തണലും യുദ്ധത്തിലാണെന്ന്.
കുംഭവും ചേനയും അവിഹിതമുണ്ടെന്ന്.
മീനത്തിനോടും മേടത്തിനോടുംനാളേറെയായി
കർഷകർ പിണക്കത്തിലാണെന്ന്.
കാറ്റെല്ലാവരെയും പരസ്യമായി വാരിപ്പുണരാറുണ്ടെന്ന്.
മീനും നീർക്കോലിയും ഞണ്ടും സൗഹൃദത്തിലാണെന്ന്.
കൊക്കും വയലും വൈകുന്നേരങ്ങളിൽ ഒരുമിച്ചുകൂടാറുണ്ടെന്ന്.
എല്ലും മുള്ളും കൊടുക്കാത്ത ദിവസങ്ങളിൽ
പൂച്ചകൾ ശപിച്ചിട്ടുണ്ടാകുമെന്ന്.
പറങ്കിമാങ്ങ ഔഷധത്തിനപ്പുറം
മധുരമുള്ള പഴമാണെന്ന്.
കപ്പയും ചമ്മന്തിയും കാച്ചിലും  കാന്താരിയും മരിച്ചുപോയ കമിതാക്കളാണെന്ന്.
ചക്ക, കറിയും തോരനും പുഴുക്കും മധുരവുമാണെന്ന്.
മുത്തശ്ശിമാവിന്റെ തണൽ
കവിതകളിൽ മാത്രമല്ലെന്ന്.
കവിതകളിലെ നനവിപ്പോഴും
വറ്റാതെയിരിപ്പുണ്ടെന്ന്.
കൂട്ടിലിട്ടവർ പറക്കാൻ വിതുമ്പുന്നുണ്ടെന്ന്.
ചിലപ്പോൾ കര കടലിനേക്കാൾ വലുതാണെന്ന്.
കര വീടിനേക്കാൾ ചെറുതാണെന്ന്.
മൗനത്തിനും സ്നേഹത്തിനുമിടയിൽ നാഴികകളില്ലെന്ന്.
'അടുത്തിരുന്നാലേ ചുംബിക്കാൻ കഴിയൂ'വെന്നത് പച്ചനുണയാണെന്ന്.
മതാചാരങ്ങൾക്കിടയിലും മാനവികതയുണ്ടെന്ന്.
രാഷ്ട്രീയത്തിന്റെ അടിത്തറയിൽ മനുഷ്യത്വം ഒളിഞ്ഞിരിപ്പുണ്ടെന്ന്.
ഞാനിനിയും ജീവിക്കണമെന്ന് പലരും ആഗ്രഹിക്കുന്നുണ്ടെന്ന്.
നാമറിയാത്ത പാഠങ്ങൾ  ഇനിയുമേറെയെന്ന്.

# സ്വപ്നങ്ങൾ നിറച്ചുവെച്ച തൂലിക

**കവിത**

ചാറ്റൽമഴ, മണ്ണിൽ നീറി മരിക്കുന്ന-
കുംഭക്കൊടുംചൂട് വേവുന്ന, സന്ധ്യ പോൽ,
നിന്നോർമ്മ പെയ്തു പോ,യെന്നിൽ പടരാതെ-
ഒട്ടുമേ തങ്ങാതെ മാഞ്ഞുപോയി!

സാന്ധ്യഗസലുകൾ ചൊല്ലിയീസാഗര-
നീല ഞൊറിത്തിര പ്രണയം നുരയ്ക്കവേ,
മണ്ണ് തുളച്ചുള്ളിൽ മാഞ്ഞുപോകും, ചെറു-
ഞണ്ടുപോൽ ഞാനുമെന്നുള്ളിലേക്കാണ്ടുപോയ്..!

കനകമായാലും കനലിലുരുകുമെന്നേതോ-
കടൽകിളി അറിവ് പാടി. കരളലിവില്ലാതെ
കനകമണിഞ്ഞിട്ടു, കാര്യമെന്തെന്നെന്റെ മറുമൊഴിയും.

നാക്ക്, തളരാതെ വായിലുണ്ടെങ്കിലോ,
വാക്കുകൾക്കാണോ നമുക്ക് പഞ്ഞം?!
സ്മൃതികൾ തരംപോലെ അണിഞ്ഞു വരും ചിലർ-
തത്ത്വവിചാരങ്ങൾ പങ്കുവയ്ക്കും

ഉറവ വറ്റുന്നൊരെൻ ഹൃദയ ജലാശയം-
നിറയുവാൻ നിന്റെ പ്രണയം വേണം.
കവിതേ,അതിനല്ലേ എന്നുടെ തൂലിക-
കനവു നിറച്ചിങ്ങു കാത്തിരിപ്പൂ.



**സുനിൽരാജ്സത്യ**






# എന്നിലേയ്ക്ക് .....

എന്നും കൊതിയ്ക്കു മാ യാത്ര
എന്നിലേക്കുള്ളൊരാ യാത്ര
ഇന്നിന്റെ പിൻവിളി മുഴങ്ങും മുൻപേ
ഇന്നതിൻ മുഖം കറുക്കും മുൻപേ
എന്നിലേക്കൊള്ളൊരു യാത്ര സമയാതീതമാം യാത്ര സമയം
മറന്നൊരാ യാത്ര.
ആചാരമായ് പുലരിയെ വിളിച്ചുണർത്തിയാ പൂവൻ;
ആലസ്യം വെടിഞ്ഞെണീറ്റു
നിസർഗ്ഗം പുതുപ്രതീക്ഷയായ് ,
പശുക്കിടാവിൻ കാതിൽ കാകൻ
കിന്നാരമോതിയതന്തൊ
ക്ഷണിപ്പതാകാം കുയിലിൻ നാദവിരുന്ന്
കേട്ടീടുവാൻ.
പതിയെ ഇമകളിലേയ്ക്കു പകർത്തി
പുൽനാമ്പിൽ നിന്നുമാ പനീർത്തുള്ളിയെ,
കവിളിണയിൽ കുളിർതാലോലമായീ കണം;
മറിച്ചൊപ്പുവാനാഗ്രഹിച്ചില്ല മനം, മറയ്ക്കു വാനും
ചേലാർന്നൊരപ്പൂപ്പൻ താടിയോടടുപ്പമായ്
ചേലയറ്റം പിടിച്ചൊന്നു പറന്നീടുവാനായ്
കൊതിയായിരുന്നെന്നും ,
കൗതുകമായിരുന്നെനിക്കാ കെടാനാമ്പുമായ് വഴികാട്ടിടും
കൈക്കുടന്നയിൽ ഒളിക്കും നക്ഷത്രവെട്ടം
ആ മിന്നാമിനുങ്ങിൻ നുറുങ്ങുവെട്ടം
പറയാതിരുന്നെന്നാലും പരാതിയേറെയെനിയ്ക്ക്
പാറയുരുകുമാ ഗ്രീഷ്മാതപത്തോട്, പക്ഷെ;

പച്ച പടർന്നൊരാ നാട്ടുമാവിൻ ചുവട്ടിൽ
അമൃതം നുകർന്ന് പിന്നിട്ടലസ സായാഹ്നങ്ങളെ
അടച്ചിടാമെന്നും മനസ്സിൻ തടവറയിൽ.
നടക്കട്ടെ ഞാനൊന്നാ മണ്ണിൻ നടപ്പാതയിൽ
നാട്ടുവിശേഷം പറയട്ടെ
പാതയോരത്തന്തേവാസികൾ;
പാടവരമ്പത്തവർ പ്രാതൽക്കഞ്ഞി കഴിക്കട്ടെ
പാഠ്യേതരം ചൊല്ലിക്കൊടുക്കട്ടെയാ പള്ളിക്കൂടയാത്രകൾ.
മറയട്ടെ , മാറട്ടെ കാഴ്ചകൾ, തേടട്ടെ മേച്ചിൽ പുറങ്ങൾ
മറക്കട്ടെ മേൽവിലാസങ്ങൾ
തുടരട്ടെ യാത്ര എന്നിലേക്കൊ ള്ളൊരീ യാത്ര
സമയാതീതമാം യാത്ര സമയം മറന്നൊരായാത്ര.



ബിനോദ്



# ഭാര്യയെ കൊല്ലാനുള്ള എന്റെ നാലാമത്തെ ശ്രമം



തൻസീൽ മുഹമ്മദ്

എന്റെ ഭാര്യയെ കൊല്ലാൻ വേണ്ടി പ്രത്യേകം പണിയിപ്പിച്ച കത്തിയുമേന്തി അവൾ കുളിക്കുന്ന ബാത്ത്റൂമിന് പുറത്ത് അക്ഷമനായി കാത്തുനിൽക്കുകയാണ് ഞാൻ. അവളെ വകവരുത്താനുള്ള എന്റെ നാലാമത്തെ ശ്രമമാണിത്. സ്വാഭാവികമായും കഴിഞ്ഞ മൂന്നു ശ്രമങ്ങളിലും പരാജയപ്പെട്ടത് മൂലമാണ് നാലാമത്തെ ശ്രമത്തിനായി മുതിരുന്നത്. അവളുടെ കുളി ഏകദേശം പതിനഞ്ച് മിനിറ്റോളം നീളുമെന്നതിനാൽ, എന്റെ പാളിപ്പോയ മൂന്ന് ശ്രമങ്ങളെക്കുറിച്ച് വളരെ ചുരുക്കിപ്പറയാം:

1. അത്താഴത്തിനു മുമ്പ് അവൾസാധാരണയായി കുടിക്കാറുള്ള വെജിറ്റബിൾ സൂപ്പിൽ ഞാൻ എലിവിഷം കലർത്തി. ചോര തുപ്പി പിടഞ്ഞു പിടഞ്ഞു അവൾ ചാവുന്നത് കണ്ടു രസിക്കാൻ ഞാൻ ഡൈനിങ്ങ് ഹാളിലെ കർട്ടനു പിന്നിൽ മറഞ്ഞുനിന്നു. പക്ഷെ അവളെക്കാൾ ആക്രാന്തം മൂത്ത ഒരു എലി വന്ന് സൂപ്പ് നക്കി തൽക്ഷണം തന്നെ പരലോകം പുൽകുന്നത് കൺമുന്നിൽവെച്ച് കാണാനിടയായ അവൾ അന്ന് അത്താഴം പോലും കഴിച്ചില്ല. നിരാശനായ ഞാൻ ബാക്കിയുണ്ടായിരുന്ന എലിവിഷമെടുത്ത് നാട്ടിലെ മുഴുവൻ എലികളെയും കൊന്നൊടുക്കി.

2. യൂട്യൂബ് നോക്കിപ്പഠിച്ച് അവളുടെ കാറിന്റെ ബ്രേക്ക് ഞാൻ അഴിച്ചുമാറ്റി. നാശം പിടിക്കാൻ കൃത്യം ആ ദിവസം തന്നെ അവളുടെ അമ്മയ്ക്ക് വായ്ക്കരി വാങ്ങാനുള്ള ഷോപ്പിംഗിനെന്നും പറഞ്ഞ് ചുമടെടുക്കാനായി അവളെന്നെ കാറിൽ നിർബന്ധിച്ച് പിടിച്ചിരുത്തി. ആസ്ഥാനഡ്രൈവറായ അവൾക്ക് വളരെ വിദഗ്ധമായി കാർ ഒരു മരത്തിൽ കൊണ്ടിടിപ്പിച്ച് നിർത്താൻ സാധിച്ചത് കൊണ്ട് ജീവൻ രക്ഷപ്പെട്ടു. അവളുടെ നെറ്റി പൊട്ടി കഷ്ടിച്ച് നാലു തുള്ളി രക്തം മാത്രം ഇറ്റിയത് മിച്ചമെന്ന് കരുതി ഞാൻ എന്റെ ഒടിഞ്ഞ കൈയും ഞണുങ്ങിയ മഖവുമായി ആശുപത്രിയിലേക്ക് നടന്നു.

3. അവളുടെ ഏറ്റവും പുതിയ ഫോട്ടോയും അവളുടെ തന്നെ അമ്പതിനായിരം രൂപയും നൽകി ഞാൻ കുപ്രസിദ്ധ വാടകക്കൊലയാളി ശശിയണ്ണന് ക്വട്ടേഷൻ കൊടുത്തു. സിനിമാസ്റ്റൈലിൽ അവളെ തട്ടിക്കൊണ്ടുപോവാൻ ചെന്ന ശശിയണ്ണന്റെ മധ്യത്തിനിട്ട് അവൾ അറഞ്ചം പുറഞ്ചം തൊഴിക്കുകയും ബോധരഹിതനായ അണ്ണനെ തൂക്കിയെടുത്തു കൊണ്ടുപോവാൻ പോലീസിനെ വിളിച്ചുവരുത്തുകയും ചെയ്തു. ആശുപത്രിക്കട്ടിലിൽ കിടക്കുന്ന അണ്ണന്റെ ദേഹത്തെ അവൾ തൊഴിച്ചൊരു പരുവമാക്കിയ അതേ അവയവത്തിൽ പോലീസുകാർ ഈർക്കിൾ പ്രയോഗം നടത്തിയിട്ടുപോലും അണ്ണൻ എന്റെ പേര് മൊഴിഞ്ഞില്ല.

ഞാൻ ഒരുക്കിവെച്ച് കെണിയിൽ അവളെ വീഴ്ത്തുന്നത് പോലെയായിരുന്ന മുമ്പത്തെ ശ്രമങ്ങൾക്ക് വിപരീതമായി ഇപ്രാവശ്യം ഞാൻ അവളെ നേരിട്ട് തന്നെ കൊല്ലാനൊരുങ്ങുകയാണ്. കൊല്ലാൻ വിക്രമനോട് പറഞ്ഞ് അവളെ കൊല്ലാൻ വേണ്ടി പ്രത്യേകം പണിയിപ്പിച്ചെടുത്ത കത്തി എന്റെ കൈയിൽ രക്തദാഹിയായി പിടയ്ക്കുകയാണ്. കുളി കഴിഞ്ഞ് നനവ് മാറാത്ത മേനിയിലേക്ക് സിൽക്കിന്റെ നൈറ്റിയെടുത്തിട്ട് ബാത്ത്റൂമിൽനിന്നിറങ്ങി വരുന്ന അവളുടെ മാംസളമായ പള്ളയിലേക്ക് ഈ കത്തിയങ്ങോട്ട് കുത്തിയിറക്കിയാൽ,

പൈപ്പ് തുറന്നിട്ട പോലെ ചോരയൊഴുകി അവൾ ചത്തുവീഴും.

'നിങ്ങൾ എന്തിനാണ് നിങ്ങളുടെ ഭാര്യയെ കൊല്ലുന്നത്?'

കൈയിൽ പിടിച്ചിരുന്ന കത്തിയുടെ കൂർത്ത മുനയിൽനിന്നാണ് ആ ശബ്ദം ഉത്ഭവിച്ചത്. അതിന്റെ മേൽ ഞാൻ എന്തിനാണ് ഇത്രയും ബലമായി പിടിയമർത്തിയിരിക്കുന്നതെന്ന് അറിയാനുള്ള ആകാംക്ഷകൊണ്ടാവണം കത്തി അങ്ങനെ ചോദിച്ചത്.

'ഞാൻ എന്തിന് അവളെ കൊല്ലാതിരിക്കണം എന്നാണ് നിങ്ങൾ ചോദിക്കേണ്ടിയിരുന്നത്.'ഞാൻ അമർഷത്തോടെ പറഞ്ഞു.

അപ്പോൾ കത്തി- "എങ്കിൽ നിങ്ങൾ എന്തിന് നിങ്ങളുടെ ഭാര്യയെ കൊല്ലാതിരിക്കണം?"

ഞാൻ- "ഒരു വർഷം മുമ്പാണ് ഞങ്ങൾ തമ്മിൽ വിവാഹിതരായത്. ഈ കാണുന്ന വലിയ വീടും സമ്പത്തുമെല്ലാം എനിക്ക് കിട്ടിയ സ്ത്രീധനമാണ്. എന്നുവച്ചാൽ ഇതെല്ലാം അവളുടേതാണ്. ആ വസ്തുതയോട് ഞാൻ നിയമപരമായും വ്യക്തിപരമായും യോജിക്കുന്നു.

ആദ്യരാത്രി കഴിഞ്ഞ് ഉറക്കമുണർന്ന എന്നെ ഉള്ളംകൈയിലേക്കെടുത്തുവച്ച് അവൾ പറഞ്ഞു- 'നീ ഒരു പെണ്ണാണ്'. ആ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാവാതെ നേരെ ചെന്ന് മൂത്രമൊഴിച്ച് വാ കഴുകി പല്ലുതേച്ചിറങ്ങി വന്ന എന്റെ മുഖത്തേക്കവൾ ഒരു കൂട്ടം ആജ്ഞകൾ തുപ്പി. അതുപ്രകാരം എനിക്ക് ഭക്ഷണം പാകം ചെയ്യുക, പാത്രം കഴുകുക, മുറ്റമടിക്കുക, തറ തുടയ്ക്കുക, അവളുടെ വസ്ത്രങ്ങളും അടിവസ്ത്രങ്ങളും അലക്കുക, കക്കൂസ് കഴുകുക, പൂന്തോട്ടത്തിലെ കളകൾ പറിക്കുക, മതിൽ കടന്നെത്തിയ പൂച്ചകളെ കല്ലെറിഞ്ഞോടിക്കുക - തുടങ്ങിയവയെല്ലാം ചെയ്യേണ്ടിവന്നു. വളരെ ബുദ്ധിമുട്ടി പണികളെല്ലാം ഒരു വിധം തീർത്തുകഴിഞ്ഞ എന്നോട്, ആ സമയമത്രയും ജോസ് പ്രകാശിന്റെ ഗൗണുമിട്ട് അകത്തളത്തിലെ സിംഹാസനം പോലെയുള്ള സോഫയിലിരുന്ന് സിഗരറ്റ് വലിക്കുകയായിരുന്ന അവൾ ഗർജ്ജിച്ചു-'ഇനിയങ്ങോട്ട് എല്ലാ ദിവസവും ഈ ജോലികളും ഞാൻ പറയുന്ന മറ്റു പണികളും കൃത്യമായി വെടിപ്പായി ചെയ്തിരിക്കണം. കേട്ടല്ലോ?'

രാത്രി നടുവൊന്ന് നിവർത്താനായി അവളുടെയരികിൽ കിടക്കാൻ ചെന്ന എന്നെ അവൾ തറയിലേക്ക് ചവിട്ടിത്തെറിപ്പിച്ചു. പുറംതല്ലി വീണ എനിക്ക് ഒരു പുൽപ്പായയും തലയണയും വെച്ചുതന്ന് അവൾ പേരറിയാത്തൊരു കഥയിലെ ഡയലോഗ് കാച്ചി - 'രണ്ട് അണ്ഡങ്ങൾ തലയ്ക്കടിച്ചാൽ ഡബിൾ ബുൾസൈ ആകുമെന്നല്ലാതെ, ഉണ്ണിയുണ്ടാവില്ല. അതുകൊണ്ട് നീ തറയിൽ കിടന്നാമതി.' എന്നിട്ട് തറയിലെ തണുപ്പടിച്ച് കിടന്ന് ഞാൻ സുഖമായി ഉറങ്ങി എന്ന് മാത്രം നിങ്ങൾ കരുതരുത്. തടിമില്ലിൽ നിന്നുപോലും ഇത്രയ്ക്ക് ശബ്ദമുണ്ടാവില്ല, അത്രയ്ക്കുണ്ട് അവളുടെ കൂർക്കംവലി. നോക്കൂ, ഇൻസോംനിയ വന്ന് എന്റെ കൺതടങ്ങൾ കരിങ്കല്ല് പോലെ കറുത്തു.

ആദ്യമൊക്കെ ഞാൻ എല്ലാ പ്രയാസങ്ങളും വേദനകളും സഹിച്ചുനിന്നത് ഈ അവസ്ഥയെല്ലാം മാറി എനിക്ക് അർഹതപ്പെട്ട സ്നേഹം അധികം വൈകാതെതന്നെ അവളിൽനിന്ന് ലഭിച്ചുതുടങ്ങും എന്ന പ്രതീക്ഷമേലായിരുന്നു. എന്നാൽ പീഢനങ്ങളും അടിച്ചമർത്തലുകളും ദിനംപ്രതി ഏറിവന്നുകൊണ്ടിരുന്നതോടെ ഇവിടെനിന്ന് പുറത്തു കടക്കുന്നതിനെപ്പറ്റി ഞാൻ ഗൗരവമായി ആലോചിക്കാൻ തുടങ്ങി. അങ്ങനെ ഒരു ദിവസം കിട്ടിയ തക്കത്തിന് കണ്ടം വഴി ഇറങ്ങിയോടിയ ഞാൻ ആദ്യം കിട്ടിയ വണ്ടിയും പിടിച്ച് ദൂരെയൊരു നാട്ടിൽച്ചെന്ന് അഭയം പ്രാപിച്ചു. നിർഭാഗ്യവശാൽ, ഞാൻ ഒളിച്ചിരുന്ന താവളത്തിൽ അവൾ മണംപിടിച്ചെത്തുകയും എന്റെ കൊക്കിന് പിടിച്ച് പെറുക്കിയെടുത്ത് തിരികെ ഈ നരകത്തിൽത്തന്നെ കൊണ്ടുവന്നു നിക്ഷേപിക്കുകയും ചെയ്തു. പിന്നീടൊരിക്കലും ഈ വീടിന്റെ പുറമെയുള്ള ലോകം കാണാനുള്ള ഇട അവളെനിക്ക് തന്നിട്ടില്ല.

ഈ വിധം സ്നേഹം നിഷേധിക്കപ്പെട്ട്, അപമാനിതനായി, ഒറ്റപ്പെട്ട്, പകലുകളെ എല്ലു നുറുങ്ങി പണിയെടുത്തും, രാത്രികളെ ഉറക്കമില്ലാതെ കരഞ്ഞുനനച്ചും ഞാൻ ഒരു വർഷം തള്ളിനീക്കി. എന്നിലെ പുരുഷൻ അനുഭവിക്കേണ്ടിയിരുന്ന സ്നേഹസുരഭിലമായ പകലുകളും ആനന്ദോജ്ജ്വലമായ രാത്രികളുമാണ് അവൾ നഷ്ടപ്പെടുത്തിക്കളഞ്ഞത്. എന്റെ നഷ്ടങ്ങൾക്ക് എനിക്ക് പകരം ചോദിക്കണം. ഞാനൊരു ആണാണെന്ന് അവൾക്ക് കാണിച്ചു കൊടുക്കണം. എനിക്ക് പ്രതികാരം ചെയ്യണം. എനിക്കവളെ കൊല്ലണം. എന്നിട്ട് ഈ നരകക്കൂട്ടിൽ നിന്ന് പുറത്തുകടക്കണം, നടു നിവർത്തണം, ഉറങ്ങണം, ജീവിതസുഖങ്ങളിൽ മുഴുകണം."

മിനിറ്റുകൾ പതിനഞ്ചു കടന്ന് പതിനാറായി. ഇതിനിടയിൽ കുളി കഴിഞ്ഞ് പുറത്തിറങ്ങിയ അവൾ എന്റെ കൈയിലെ കത്തി കണ്ടൊന്ന് ഞെട്ടിത്തരിച്ചു. എന്റെ കഥ കേട്ട് തിരിച്ചെന്തോ പറയാനൊരുങ്ങുകയായിരുന്ന കത്തിമുനയെ ഞാൻ പൊളിഞ്ഞുനിന്ന അവളുടെ വായയുടെ അരമീറ്റർ താഴെയുള്ള നനവിലൊട്ടിയ സിൽക്ക് പള്ളയിലേക്ക് കേറ്റി... ശുഭം!!!



# റിബലുകൾ



സുനി

ഞാനും അവനും
തോറ്റവരുടെ
സമ്മേളനപ്രതിനിധികളാണ്.
സമ്മേളനവാതുക്കൽ
ദിക്കറിയാതെ
വിയർത്തു നിൽക്കുന്ന
അവനെയാണ്
ഞാനാദ്യം കണ്ടത്.
വിയർപ്പിന്റെ
മണത്തിനറിയാമായിരുന്നു
തോറ്റവന്റെ
ആകുലത മുഴുവനും.

വെയിലു തിന്ന
വിരലുകൾ പരസ്പരം
കൈകോർത്തപ്പോൾ
അസ്ഥികൾക്കിടയിൽ
ഞെരിഞ്ഞമർന്ന ഗതകാലം
അമർച്ച തുടങ്ങി.

സമ്മേള നഗരിയിൽ
ഉയർന്നുകേട്ടത്
തോറ്റവന്റെ
ഗീർവാണങ്ങൾ
ആക്രോശങ്ങളുടെ
ശീട്ടുകോട്ടാരങ്ങൾ.

അടച്ചുപൂട്ടിയ
ബാറിൽ പ്രവേശനം തോറ്റവർക്കായിരുന്നു.
ജയഭേരിയുടെ
തെറിവിളിയിൽ
അടുത്തബസ്സിന്
ടിക്കറ്റെടുത്തു.

മടക്കയാത്രയിലും
ഞങ്ങൾ പുഞ്ചിരിച്ചു
തോറ്റവരുടെ കൂട്ടത്തിലും
രണ്ടു റിബലുകളുടെ ചിരി.



# മഴ



ജിജോ രാജകുമാരി

രാത്രിയിൽ ഇടിവെട്ടിയാണ് പെയ്തിറങ്ങിയത്
കുറച്ചു കിണറ്റിൽ വീണു
അധികവും പുഴയിലാണ് വീണത്
മരത്തിൽ വീണവയിപ്പോഴും പ്രാണരക്ഷാർത്ഥം
മണ്ണിലേക്ക് വീണുകൊണ്ടിരിക്കുന്നു.

റോസാ മുള്ളിൽ വീണവ
ചുവന്ന രക്തഹാരമണിഞ്ഞു പിടഞ്ഞു
അഴയിൽ അലങ്കാരമായി നിന്നവയും
മണ്ണിലേക്ക് വീണ് നോവുന്നു.

ബക്കറ്റിൽ വീണ ഒരു കൂട്ടരെ
അമ്മ അലുമിനിയം കലത്തിലാക്കി വിറകടുപ്പിൽ വച്ചു .


വീടിനകത്ത് സൈബർ മഴയിൽ ലയിച്ച
പെൺകുട്ടിയെ മാത്രം
ഒരു തുള്ളിയും നോവിച്ചതില്ല.

അവളിൽ രൂപം കൊണ്ട മഴ
ലോകത്തിലാകെ വർണ്ണ മഴയായി പെയ്യാൻ
വിതുമ്പി  നിൽക്കുകയായിരുന്നു ..

അതിനായ് സൈബർ കാർമേഘങ്ങൾ
തീവ്രമായി കൂടിച്ചേർന്ന് കൊണ്ടേയിരിക്കുന്നു ..

കഥ

# മടയൻ





ജിൻസി കെ പി

'കൊല്ലം രണ്ടായി., കൊറോണ വന്ന് എല്ലാ താറുമാറാകാൻ തൊടങ്ങീറ്റ്, എന്റ കുടുംബത്തിന്റെ കഞ്ഞി കൂടീ മുട്ടി...

കൊല്ലാ കൊല്ലം തെറ
നടക്ക്ന്നെരത്ത്
ഒര് പൈശ കൈയില് വെരുന്നതാ,
അതോണ്ടല്ലേ ഞാള് അല്ലലില്ലാണ്ട് കയീന്നത്....

ബല്ല്യാളുഓള് മുണ്ടും മുറുക്കീ ഉടുത്ത് വെശപ്പടക്കും, അതു പോലാണോ കുട്ട്യിയോള്, അയ്റ്റങ്ങക്ക് കൊടല് പൈയ്ച്ചാൽ കരയൂലെ' കുഞ്ഞമ്പു ഏട്ടൻ ഒരു നെടുവീർപ്പോടെ പറഞ്ഞു തീർത്തു....

മടപ്പുര കമ്മിറ്റിയിലെ ഒരംഗമായ ഭാസ്കരൻ കുഞ്ഞുമ്പു ഏട്ടന്റെയും, കുടുംബത്തിയും സുഖ വിവരം തെരക്കാനായി വീട്ടിൽ വന്നതായിരുന്നു, അവരോടാണ് ഈ സങ്കടം പറച്ചിൽ....

അമ്മാളു അമ്മയും കണ്ണും നിറച്ചുകൊണ്ട് കുഞ്ഞമ്പു ഏട്ടൻ പറഞ്ഞതെല്ലാം ശരി എന്ന് തലയാട്ടി കാണിച്ചു...

കുഞ്ഞമ്പു ഏട്ടന്റെ മൂത്ത മകളുടെ രണ്ട് പെൺ മക്കൾ വീടിന്റെ മുറ്റത്തു കൂടി ഓടി കളിക്കുന്നു..

മകളുടെ ഭർത്താവ് മരിച്ചിട്ട് അഞ്ചു വർഷമായി, തെങ്ങിൽ നിന്നും വീണതായിരുന്നു.,

'പ്ള്ളറെ ഓടി കളിച്ചിട്ട് ബ്അറെ ഇങ്ങള്, ബ്ണിറ്റ് പൊട്ടോ മുറിയോ
ണ്ടായാല്, കാണികാൻ പോവ്വാനൊന്നും ഓരഞ്ച് പൈശയില്ലേ...,
എന്ന് അകത്തുനിന്നും ആരോ വിളിച്ചു പറയുന്നുണ്ടായിരുന്നു.,

കുട്ടികൾ ആ ശാസന അനുസരിച്ചെന്നോണം പൊട്ടി പൊളിഞ്ഞു വീഴാറായ വീടിന്റെ കോലായിലെ ഒരു മൂലയിൽ പോയി

ഇരുന്നു...,

മക്കളെ നിങ്ങൾ ഏത് ക്ലാസ്സിലാ പഠിക്കുന്നെ.. ഭാസ്കരൻ കുട്ടികളോടായി ചോദിച്ചു..,

ഒരു കുട്ടി പറഞ്ഞു ഞാൻ ഒന്നില്ല്.. ഇവള് ഉസ്ക്കൂളിലൊന്നും പോഉന്നില്ല..,

'മോളെ ഇനിക്ക് ഇപ്പോ ക്ലാസ്സൊക്കെ

ക്ട്ട്ന്ന്ണ്ടോ.. പഠിക്കണേ.. പഠിച്ചിട്ട് ബല്ല്യാളാഅണ്ടെ,...

കുഞ്ഞമ്പു ഏട്ടാ ഇവിടെ ടിവി ഇണ്ടെനോ..

അയാൾ ചോദിച്ചു...

ആ അത് ക്ട്ടീന് ഉസ്കൂളീന്ന് മാഷമ്മാർ കൊണ്ടതന്നതാ...

എന്നാൽ ഞാൻ പോയിറ്റ് ബെരുന്ന് കുഞ്ഞമ്പു ഏട്ടാ, ഇങ്ങള കാര്യം ഞാനൊന്ന് കമ്മിറ്റീല് പറേട്ടെ.. എന്തങ്കിലും സഹായം കിട്ടാതിരിക്കില്ല...

കൊറേ കൊല്ലം ആയില്ലേ

മടെനിച്ചനായി... മടപ്പുര നോക്കി നടത്തുന്നു ഇങ്ങള്..

സങ്കടം തന്നെ ഇങ്ങള കാര്യങ്ങളൊക്കെ...

അല്ല ഇങ്ങള മോനെ കുറിച്ച് വല്ല വിവരോ ഉണ്ടോ...

ഇല്ല്യ ഒരു വിവരോ ഇതുവരെ ഇല്ല്യാ.. മരിച്ചിനോ എല്ലേ ജീവനോടെണ്ടോന്നൊന്നു അറിയില്ല്യ... അതു പറയുമ്പോൾ കുഞ്ഞമ്പു ഏട്ടന്റെ കണ്ണു നിറഞ്ഞിരുന്നു...

(ഒരാഴ്ച്ചയ്ക്ക് ശേഷം കുഞ്ഞമ്പു ഏട്ടന്റെ മകൻ തിരിച്ചുവന്നു....)

പതിനഞ്ചാമത്തെ വയസ്സിൽ

മടപ്പുരയിലെ ഭണ്ഡാരപ്പെട്ടി പൊളിച്ച്, അതിലുണ്ടായിരുന്ന പൈസയും മോഷ്ടിച്ച് എങ്ങോട്ടോ ഓടിപോയതാണ്..പിന്നീട് ഒരു വിവരവും ഇല്ലായിരുന്നു..നാടായ നാടു മൊത്തം അലഞ്ഞു തിരിഞ്ഞ് ഒരു പാട് കഷ്ടപ്പെട്ടു.. നാട്ടുകാരെ പേടിച്ച് പിന്നെ നാട്ടിലേക്ക് വന്നില്ല.. ഇപ്പോ കൊറോണ കാലത്ത് ഒരു വകയും ഇല്ലാതായപ്പോൾ നാട്ടിലേക്കു വന്നതാണ്...

ഞ് എടെയെനു ഇത്രേ കാലം.. ഇനിക്ക് ഇഞ്ഞ അമ്മേന ഓർമിക്കറെനോ ഒന്ന്...കുഞ്ഞമ്പു ഏട്ടൻ അയാളോട് ചോദിച്ചു..

അയാൾ ഒന്നും പറഞ്ഞില്ല.. ഉമ്മറപടിയിൽ തലയും കുനിച്ചങ്ങനെ ഇരുന്നു.. അയാളുടെ കണ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ ഒലിച്ചിറങ്ങി മണ്ണിലേക്ക് പതിക്കുന്നുണ്ടായിരുന്നു..

പശ്ചാത്താപത്തിന്റെ കണ്ണുനീർ തുള്ളികൾ..

അപ്പോഴാണ് കുഞ്ഞമ്പു ഏട്ടന്റെ മകൻ തിരിച്ചു വന്നതറിഞ്ഞ് രണ്ടുമൂന്നു അയൽക്കാർ അവിടെ എത്തിയത്..

ഞമ്മള ഗോപിയല്ലെ ഇത്..എന്തെല്ലാഡോ വിശേഷം സുഖം തന്നെയല്ലേ...

ആ എന്തായാലും ഇപ്പോ ഇഞ്ഞ് ഇവിട നിക്കണ്ട കുഞ്ഞമ്പു ഏട്ടനും, അമ്മാളു ഏടത്തിയും വയസ്സല്ലേ..

പിന്നെ കുഞ്ഞങ്ങളു ഇല്ലേ ഈട..

ഞ് അങ്ങ്നല്ലോ വന്നതല്ലെ ഗോപി.. കൊറച്ച് ദിവസം കയിഞ്ഞിറ്റ് ഇനിക്കിങ്ങ് പോരാ...

കായിഞ്ഞതെല്ലം പോട്ടെ, അതൊന്നു ഓർത്ത് ഇഞ്ഞ് വെഷമിക്കണ്ട..

വാ ഇനിക്ക് പാർക്കാൻ ഞാള് ഒരു സ്ഥലം റെഡിയാക്കീറ്റ്ണ്ട്..

പടച്ചോൻ മന്ച്ചന് തന്ന ഒരു കൈവല്ലെ

എല്ലാ മറക്കാനും പൊറുക്കാനുള്ളത്...

എല്ലെങ്കിതന്നെ ലോകം എല്ലം അവസാനിക്കാൻ പോന്നാ...

അയാളോട് പൊട്ടി കരഞ്ഞുപോയി...

പിന്നെ അയാൾ അവരുടെ കൂടെ പോയി...

അങ്ങനെയിരിക്കെയാണ് അയാൾക്കും ആ അസുഖം പിടിപെടുന്നത്...

നാലഞ്ചു വയറു നിറക്കാൻ തന്നെ പെടാപ്പാടുപെടുന്ന കുഞ്ഞമ്പു ഏട്ടനെയും കുടുംബത്തെയും ഈ വാർത്ത ദുഃഖത്തിലാക്കി.,

നാട്ടുകാരുടെ സഹായത്തോടെ ഗോപിയുടെ ചികിത്സയ്ക്കുള്ള പണമൊക്കെ കണ്ടെത്തി.,

എന്റ വീട്ട് കാരും നാട്ട്കാരു ഒക്കെ എനക്ക് വേണ്ടി ഒരുപാട് കഷ്ടപ്പെട്ന്ന്ണ്ടല്ലെ...

ഈ കടമെല്ലാ ഞാനെങ്ങനെ വീട്ടും എന്റെ ദൈവേ.. ആശുപത്രിക്കിടക്കയിൽ കിടന്നു കൊണ്ട് അയാൾ പറഞ്ഞു..

അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു അപ്പോഴും..

പക്ഷെ അയാൾക്ക് ആ കടങ്ങൾ ഒന്നും വീട്ടാൻ കഴിഞ്ഞിരുന്നില്ല..

അതിനുമുൻപേ അയാൾ യാത്രയായി..

ഇനി ഒരിക്കലും തിരിച്ചുവാരാൻ പറ്റാത്തത്രയും ദൂരത്തേക്ക്..

ദുരിതങ്ങളും, ദുഃഖങ്ങളും നിറഞ്ഞ ജീവിതവുമായി വീണ്ടും കുഞ്ഞമ്പു ഏട്ടനും കുടുംബവും അതിജീവനത്തിന്റെ പാതയിലേക്കും.

●

# 'ആസക്തിയുടെ വേരുകളെ തൊട്ടുണർത്തുന്ന തൂവൽസ്പർശം'

## 'എന്റെ മുറിവിലേക്ക് ഒരു പെൺ പ്രാവ് പറക്കുന്നു'. കവി സ്റ്റെല്ല മാത്യുവിന്റെ പ്രഥമ കവിതാ സമാഹാരത്തെക്കുറിച്ച്:-



ജയപ്രകാശ് എറവ്

മലയാള കവിതയുടെ മൂന്ന് ഇതിഹാസങ്ങളാണ് സ്റ്റെല്ലാ മാത്യുവിന്റെ ' എന്റെ മുറിവിലേക്ക് ഒരു പെൺ പ്രാവ് പറക്കുന്നു' എന്ന പ്രഥമ കവിതാ സമാഹാരത്തെ തൊട്ട് തലോടിയിരിക്കുന്നത്. ഒരുതരത്തിലത് അംഗീകാരം തന്നെയെന്ന് എടുത്ത് പറയാം.

മലയാളകവിതയെ ലോകഭാഷയിലേക്കും, ലോകഭാഷാ കവിതകളെ മലയാളത്തിലേക്കും അടയാളപ്പെടുത്തി നിരന്തരം കവിതയെ പുതുക്കി പണിത് ശ്രേഷ്ഠമായ തലത്തിലേക്ക് എത്തിക്കുന്ന ഭാഷയുടെ പുണ്യമായ സച്ചിദാനന്ദൻ മാഷ്.

കവിതയിൽ കനലുകൾ പാകി വശ്യമായ പുഞ്ചിരി പൊഴിച്ച് സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ നിരന്തരം ഇടപ്പെടലുകൾ നടത്തി മലയാളത്തിന്റെ ' നീലി'' മയാർന്ന ഏഴാച്ചേരി രാമചന്ദ്രൻ.

നാട്ടുപഴമയുടെ ചൂരും ചൂടും ആർജ്ജവമായി സമ്മാനിച്ച് ഒരു മുന്നേറ്റ കാലത്തിന്റെ മഹാവലയം തീർത്ത് കവികൾക്കൊപ്പം , കവിതയെക്കാപ്പം നിറസാന്നിദ്ധ്യമായി ഒരു ജനതയുടെ സ്വപ്ന സീമകൾക്കൊപ്പം കരുത്തിന്റെ പടവാളായ കവി.രാവുണ്ണി .




ഈ മഹാത്രയങ്ങളുടെ സ്പർശ ബിന്ദുകളിലൂടെ , വാക്കുകളുടെ തലോടലേറ്റ് എന്റെ മുറിവിലേക്ക് ഒരു പെൺപ്രാവ് പറക്കുന്നു'.

56 കവിതകൾ അടങ്ങുന്ന ഈ പുസ്തകം തൊടുമ്പോൾ കവർച്ചിത്രത്തിൽ നിറഞ്ഞൊഴുകുന്ന പച്ചപ്പ് , ഈ സമാഹാരത്തിന്റെ മുഴുനീളൻ പച്ചപ്പ് കൂടിയാണ് . ഒരു കവിതയിൽ നിന്ന് മറ്റൊരു കവിതയിലേക്ക് നമ്മേ മാടി വിളിക്കുന്ന ഹൃദയവിശാലതയുടെ പച്ചപ്പാണത്.

യാഥാർത്ഥ്യ ബോധങ്ങളോട് നിരന്തരം കലഹിച്ച് , പ്രണയിച്ച് , ജീവിച്ച് ,അനുഭവിച്ച് അതിന്റെയെല്ലാം പുറംതോട് പൊട്ടിച്ച് കളഞ്ഞ് വരുന്ന ജീവിത - താള- വിസ്മയങ്ങളുടെ നിഴലാട്ടങ്ങളാണ് കവിതകൾ ഏറേ .അത് നമ്മേ വിസ്മയിപ്പിച്ച് കളയും ഒപ്പം മുറിവുകളെ തലോടി സാന്ത്വനിപ്പിച്ചും.

ഒരു കവിക്ക് എഴുത്തിൽ വേണ്ടത് അനുഭവ തീക്ഷണതയാണ്. താൻ അ

നുഭവിക്കുന്ന , മറ്റുള്ളവർ അനുഭവിക്കുന്ന ചുറ്റുപാടുകളെ , യാതനകളെ മനസ്സ് കൊണ്ട് തൊട്ടറിയുക എന്ന സത്യം . സ്റ്റെല്ല മാത്യു എന്ന കവി ഇതിനൊപ്പമാണ്. മനുഷ്യപക്ഷത്തിന്റെ നേരിന്റെ കൂടെ .

കവി പലപ്പോഴും തന്നിലേക്ക് ഒതുങ്ങി പോവുന്നത് എഴുത്തിന്റെ മരണമാണ്.

പലപ്പോഴും മൂകമായ തലത്തിലേക്ക് കവി ആഴ്ന്ന് പോവുന്നുണ്ടെങ്കിലും അതിനെ മറികടന്ന് സഞ്ചരിക്കുവാനുള്ള ശ്രമം കാണിയ്ക്കുന്നുണ്ട്.

ആകുലതകൾക്ക് മേൽ തുറന്ന് വിടുന്ന വാക്കുകൾ തന്റെ തന്നെ ജീവന്റ കുതിപ്പാണെന്നും തന്റെ സ്വാതന്ത്ര്യത്തിന്റെ തെളിച്ചമാണെന്നും കവി തിരിച്ചറിയുന്നുണ്ട്. ഇങ്ങനെയുള്ള തിരിച്ചറിവ് തന്നെയാണ് കവി കാലത്തിലൂടെ ഓർമപ്പെടുത്തുന്നത്.

ഒട്ടേറെ ആനുകാലികങ്ങളിലൂടെ ഈ കവി നിരന്തരം തന്റെ കവിതകളെ വെളിച്ചമായി കടത്തിവിടുന്നുണ്ട്. ഏതാണ്ട് മൂന്ന് വർഷത്തിന് ശേഷമാണ് ഈ കവിയുടെ ശ്രദ്ധേയങ്ങളായ കവിതകൾ പിറന്ന് വീഴുന്നത്. കവിതകളിലൂടെയുള്ള വളർച്ചയുടെ പരിണാമം അത്ഭുതാവാഹമാണ്. പുതിയ പുതിയ വാക്കുകളുടെ മഹാസഞ്ചയം തീർത്ത് കവിതയെ അനുഭവസാധ്യമായ ഒരു ലോകത്തിലേക്ക് കൊണ്ടെത്തിക്കുന്നതിലേക്കുള്ള മികവ് ഈ കവി വിളിച്ചറിയിക്കുന്നുണ്ട്.

കവി ആമുഖക്കുറിപ്പിൽ പറയുന്നുണ്ട്

' അത്യുഷ്ണം വിഘടിച്ച് ദ്രവ്യം ഊർജ്ജമാവുന്നതു പോലെ കല്ലിനെ പോലും കൊത്തി കൊത്തി പിളർന്നു പോവുമ്പോൾ എവിടെ നിന്നോ തെളിനീരുറവ കിനിഞ്ഞൊഴുകും പോലെ എന്നിലെ കരിയെഴുത്താണ് കവിത. ശാന്തമായ , സുന്ദരമായ സുഖമുള്ള എഴുത്തല്ല എന്ന് ' . ഇതൊരു ഉള്ളടക്കമാണ് തന്നെ തന്നെ സ്വയം തിരിച്ചറിയുന്ന വേള. ജീവിതത്തെ ,കവിതയെ എഴുത്തിനെ

' കഠിനമലയായി ' കാണുന്ന ഈ കവി തന്നിൽ നിന്ന് തുറന്ന് വിടുന്ന കവിതകൾക്ക് തൊട്ടാൽ പൊള്ളുന്ന അഗ്നിയുടെ രൂപമായി കാണുന്നത് അനുഭവതീവ്രത തന്നെയാണ്. ഇവിടെ നിന്നാണ് ഈ ' പെൺ പ്രാവ് ചിറക് വിരിച്ച് പറക്കുന്നത് ' അതും ആത്മസംഘർഷങ്ങളുടെ നെരിപ്പോടിൽ നിന്ന്.

ഇതിലെ കവിതകൾക്ക് 56 മുറിവുകൾ എന്ന് പേരിട്ട് വിളിക്കുന്നതിൽ തെറ്റില്ല.

ജീവിതത്തെ വല്ലാതെ മുറുകെ പിടിക്കുന്ന സ്നേഹം , എന്തിനോടില്ലാത്ത അടക്കാൻ പറ്റാത്ത പ്രണയം , ആസ്ക്തി- യുടെ വേരുകളെ തൊട്ടുണർത്തി കൊണ്ടുള്ള അഭിനിവേശം സൂക്ഷമമായ ബിംബങ്ങളിലൂടെ വർണ്ണിച്ചെടുത്ത് അതിൻ മേലൊരു പുത്തനുടുപ്പ് തയ്യാറാക്കി ഭദ്രമായയൊരു മുന്നേറ്റം .

കവിതയിൽ കാലത്തെ അടയാളപ്പെടുത്തുന്ന എഴുത്തുകൾ വളരെ സജീവമായി തന്നെ നിലനിലക്കുന്നു എന്നത് സ്വാഗതാർഹമായ ഒന്നാണ്. ' ഒരോ മുറിവും ഒരോ അറിവായി ' കാണുന്നത് കൊണ്ടാകാം ഇങ്ങനെയുള്ള ആഖ്യാനരീതി അവലംബിച്ചിരിക്കുന്നത്.

വായനക്കാരനും / എഴുത്തുകാരനും തമ്മിലുള്ള ദൂരം കുറയ്ക്കുന്ന രചനയുടെ രസതന്ത്രം വളരെ വലുതാണ്.

' ഉടഞ്ഞ് പഴക്കുന്ന മരങ്ങൾ ' എന്ന കവിത പറഞ്ഞ് വെക്കുന്നത് ഇങ്ങനെ

' കാപ്പിക്കാട് കടന്ന് / ഒറ്റ വഴിതാണ്ടി ചെല്ലുമ്പോൾ / കുടിലിനെ വർണ്ണിക്കുന്നത് എത്ര മനോഹരമായി .' കൊത്തിക്കൊത്തി പറത്തി വെച്ചിരിക്കുന്ന അമ്മിക്കല്ല്. നിലാവ്തുന്നുന്ന രാവ് , നിലാവും, രാവും പരസ്പരം പങ്കുവെക്കുന്ന നേരം, സ്നേഹിതയുടെ അരികിലേക്ക് പോകുന്ന പച്ച / തീക്കനൽ തോർത്തും .ഇങ്ങനെ ചുട്ട് പൊള്ളിച്ച് ആറിത്തണുത്ത് വരുന്ന ഒരു കാഴ്ചയുടെ നേർമയിൽ എന്തിനായിരുന്നു എന്ന ചോദ്യത്തിന് ഉത്തരം പകർന്ന് തരാനില്ലാത്ത അവസ്ഥ.

ഒരു കാലത്തിലൂടെ തന്നെ കവിത കടന്ന് പോവുന്നു. കളിച്ചിരിപ്രായം കടന്ന് ജീവിതത്തിന് അർത്ഥവും , വ്യാപ്തിയും കിട്ടുന്നത് വലുതാകുമ്പോഴാണ്. അതിലേക്ക് കടന്ന് വരുന്ന രഹസ്യ സ്വഭാവങ്ങൾ പല കൈവഴികളായി മനസ്സിലേക്ക് ഭദ്രമായി അടുപ്പിക്കുന്നു

' പറഞ്ഞാൽ നരകത്തിൽ പോകുമെന്ന പഴഞ്ചൊല്ല് ' പറയുമ്പോഴും അവിടെ സ്നേഹത്തിന്റെ ആഴം കവി വരച്ച് വെക്കുന്നുണ്ട്. ' എന്നെ നരകത്തിൽ കാണാൻ അവൾക്കൊട്ടും ആഗ്രഹമില്ലെന്ന് ' .ഇങ്ങനെയുള്ള പങ്കു വെക്കലാണ് കവിതയുടെ നേർക്കാഴ്ചയായി മാറുന്നത്. ' ഉടഞ്ഞ്

പഴക്കുന്ന മരങ്ങൾ ' ഹൃദ്യമായി സംവദിക്കുന്നതും അത്തരത്തിലാണ്.

' ഒച്ചയിൽ നിന്ന് ഭയത്തിലേക്ക് തുറക്കുന്ന വാതിൽ ' എന്ന കവിതയിലൂടെ അതിവിദൂരതയില്ലാത്ത ഒരു കവിതയുടെ മരണം

വല്ലാതെ ഭയപ്പെടുത്തുന്നു. വേട്ടയാടപ്പെടുന്ന സംഘർഷഭരിതമായ ഉൾക്കാഴ്ച്ചയിലൂടെ കവി ഉത്തരം കണ്ടെത്തേണ്ടതായ ചില തുണ്ട്. സ്ത്രീപക്ഷ രചനകൾ എഴുത്തിലൂടെ കൊണ്ട് വരുന്ന ഭയാശങ്കകൾ അത് ജീവിതത്തിന്റെ ഒരു ഭാഗം കൂടിയാണ്.ഒരു ഐക്യപ്പെടൽ, ഒപ്പം തന്നെ സ്വാതന്ത്ര്യ പ്രഖ്യാപനവുമായി രേഖപ്പെടുത്താം . ഭാവനയുടെ അതിർവരമ്പുകൾ പൊട്ടിച്ചിതറി വരികൾ തിളക്കമായി നിൽക്കുന്നു.

' പുഴയെ നിഴലുകളാക്കി / കനൽ പാളങ്ങളിൽ പൊടിഞ്ഞ് വീണ കുപ്പിവളത്തുകൾ/ നിറമുള്ള പകലുകളാക്കുക / നിലാവുരുക്കി കവിളോടുരുമ്മി ചേർന്നൊഴുന്ന ഒരു പുഴയുടെ വർണ്ണന എത്ര മനോഹരമായി കവി കൊണ്ട് വന്നിരിക്കുന്നു. അതുപോലെ തന്നെ ' വാക്കുറങ്ങിയ അടച്ചുവെച്ച വേദപുസ്തകത്താളുകൾ കാറ്റ് വന്ന് തുറക്കുന്നത് ഒച്ചയില്ലാതെ '

ഇങ്ങനെ പദങ്ങളെ ചേർത്ത് സഞ്ചരിക്കുന്ന മനസ്സിൽ ആവിർഭവിക്കുന്ന ചോദ്യങ്ങൾ നിരവധി.സമുദ്രത്തെ തള്ളിമാറ്റി / ഒരു ശ്വാസം സ്വപ്നജാലകവിടവിലൂടെ പറന്ന് പോയത് വംശമറ്റ് പോകുന്ന ഉണർത്തു പക്ഷികളുടെ ഇണക്കൂടുകൾ ഇനി എവിടെയാകും ഇങ്ങനെ ഈ കവിത ഒരേ സമയം പ്രതീക്ഷകളേയും ഒപ്പം ആ പ്രതീക്ഷകളെ തകർത്ത് കളഞ്ഞ് ഭയത്തിനും സ്ഥാനം കൊടുക്കുന്നു. കവിതയുടെ വേവും , ചൂടും ഉൾക്കൊണ്ട പുതിയ സാധ്യതയാണ് ഈ കവിത.

' അവൾ ' എന്ന കവിതയിൽ കവി വീണ്ടെടുക്കുന്ന പലതും സ്വപ്നത്തിലൂടെയാണ്. ' ഇന്ന് നിന്റെ കൈത്തണ്ടയിൽ ഞാനുറങ്ങും ' ഇങ്ങനെ തീർപ്പ് കല്പിക്കുന്ന ഉറക്കത്തിന് സ്വപ്ന സഞ്ചാരിയുടെ ദൂരമാണ്. മനസ്സാണ് , ഉറങ്ങും എന്നത് മനസ്സിന്റെ ഒരുക്കമാണ് ' .ആറ്റുവരമ്പത്തെ മഞ്ഞപ്പൂവ് ' ഉദിക്കുന്നതും ചിരിച്ചുണർന്ന് പൂവിന്റെ അവസാനച്ചിരിയിൽ മുങ്ങി പ്രാണന്റെ മഹാസമുദ്രത്തിലെ ' ശലമോന്റെ 'വാക്യ മുകുളങ്ങളിലെ ത്രസിപ്പിക്കുന്ന തീവ്രമായ

പ്രണയ മധുരമയിൽ നിർത്തുകയും – ജീവിതത്തെ പകുത്ത് വെക്കുന്ന ഒരു തിരിച്ചെടുക്കൽ പണയപ്പെടുത്തലായി മാത്രം തീരുന്നു. കൈവിടാൻ പറ്റാത്ത സ്വപ്നങ്ങളുടെ നിറവും ഒപ്പം നഷ്ടബോധവും .എല്ലാം മറന്ന് പുതപ്പിനടിയിലേക്ക് സുതാര്യമായ മേനിയുടെ ചൂടിലേക്ക് പടർന്ന് കയറുന്നത് കാലമായോ ,കാമമായൊ അടിവരയിട്ട് അടയാളപ്പെടുത്താം.

ശക്തമായ ബിംബ കല്പനകളെ ആവിഷ്കാരത്തിലേക്ക് കൊണ്ട് വരുമ്പോൾ ഇവിടെയത് ഹൃദയം തുറന്ന് പുറത്തെറിയപ്പെടുന്നില്ല. ' അവൾ ' അങ്ങനെ സങ്കീർണതകളാലും നിശബ്ദമൗനത്തിന്റെ ഏടായി മാറുകയും ചെയ്യുന്നു.

' കടന്ന് പോവുമ്പോൾ ' ,പെൺമണങ്ങൾ , അഥർവ്വവേദതടവുക്കാരൻ ,റാണി മേദിനി

തുടങ്ങിയ കവിതകൾ എടുത്ത് പറയേണ്ടവയാണ്. ഒളിഞ്ഞും ,തെളിഞ്ഞും കടന്ന് വരുന്ന ആസക്തിയുടെ വേരോട്ടം ശക്തമായ ബിംബങ്ങളിലൂടെ കവി രേഖപ്പെടുത്തുന്നുണ്ട്. കവി അതിലൂടെ ആഴ്ന്നിറങ്ങി ഒരു ലോകം തന്നെ ഉണ്ടാക്കിയെടുക്കുന്നുണ്ട്.

തീർത്തും കവിത നമ്മളോട് സംസാരിക്കുന്നുണ്ട് .ഒട്ടേറെ തലങ്ങളിലൂടെ നമ്മെ കൂടെ കൊണ്ട് പോവുന്നുണ്ട് .

പ്രകൃതി സൗന്ദര്യത്തിന്റെ , ,വാസനാഗന്ധത്തിന്റെ ഉറവിടമാണ് വയനാട് .അതുകൊണ്ട് തന്നെ പ്രകൃതിയും , മണവും ആവോളം ഈ സമാഹാരം നിറയെ കോരി തരുന്നുണ്ട്.

മലയാള കവിതയ്ക്ക് വളരെയേറെ പ്രതീക്ഷകൾ അർപ്പിക്കാവുന്ന കവിയാണ് സ്റ്റെല്ല മാത്യു . ഭാഷയുടെ കൈപുണ്യം നേടിയ എഴുത്താഴം. നല്ല നല്ല കവിതകൾ ഇനിയും മലയാള കവിതയ്ക്ക് മുന്നിൽ സമർപ്പിക്കുവാനുള്ള ഉണർവ്വ് ഈ കവിക്ക് ഉണ്ടാകട്ടെ!